بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 17

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഏപ്രിൽ 28/ഹി.ശം. 1401 ശഹാദത്ത് 28/ഹിജ്റ 1443 റമളാൻ 26


## അല്ലാഹുവിന്റെ വചനം

وَ کُلُوۡا وَ اشۡرَبُوۡا حَتّٰی یَتَبَیَّنَ لَکُمُ الۡخَیۡطُ الۡاَبۡیَضُ مِنَ الۡخَیۡطِ الۡاَسۡوَدِ ... ثُمَّ اَتِمُّوا الصِّیَامَ اِلَی الَّیۡلِ (سورۃ البقرۃ:188)

'പ്രഭാതത്തിന്റെ വെള്ളനൂൽ(രാവിന്റെ)കറുപ്പ് നൂലിൽനിന്ന് വേർതിരിഞ്ഞു നിങ്ങൾക്ക് പ്രത്യക്ഷപ്പെടുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. പിന്നീട് രാത്രിയാകുന്നതുവരെ നിങ്ങൾ നോമ്പു പൂർത്തിയാക്കുക.' (2:188).

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ബാങ്കുവിളിക്കാനാകുന്ന സമയംവരെ ഇടയത്താഴം കഴിക്കുക

(1920) ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഞാനെന്റെ കുടുംബത്തിൽവച്ച് അത്താഴം കഴിക്കാറുണ്ട്. അതുകഴിഞ്ഞൽ നബി(സ)തിരുമേനിയുടെകൂടെ സുജൂദ്(സ്വുബ്ഹി നമസ്കാരം)ലഭിക്കുവാൻ ഞാൻ വേഗം പുറപ്പെടും.

### അത്താഴത്തിനും നമസ്കാരത്തിനുമിടയിൽ എത്ര സമയംവേണം:

(1921) ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ) നിവേദനം. നബി(സ)തിരുമേനിയോടൊപ്പം ഞങ്ങൾ അത്താഴം കഴിച്ചു. അവിടന്ന് പിന്നീട് നമസ്കാരത്തിനു നിന്നു. ഞാൻ (ഖത്താദ) ചോദിച്ചു: അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയമുണ്ടായിരുന്നു? സയ്ദ് പറഞ്ഞു: അമ്പത് ആയത്ത് ഓതുന്ന സമയം.

### അത്താഴം കഴിക്കാനുള്ള താക്കീത്

(1922) ഹദ്റത്ത് അബുദുല്ലാഹ് (ബിൻ ഉമർ) നിവേദനം. നബി(സ)തിരുമേനി രാത്രിയും പകലും യോജിപ്പിച്ചുകൊണ്ട് നോമ്പനുഷ്ഠിച്ചു. അപ്പോൾ ജനങ്ങളും അപ്രകാരം ചെയ്തു. ശേഷം അതവർക്ക് പ്രയാസമുണ്ടാക്കി. അപ്പോൾ നബി(സ)തിരുമേനി അതു വിരോധിച്ചു. അനുചരന്മാർ പറഞ്ഞു: 'അങ്ങ് യോജിപ്പിച്ചുകൊണ്ട് നോമ്പനുഷ്ഠിക്കുന്നുണ്ടല്ലോ?' നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ നിങ്ങളെപ്പോലെയല്ല. എന്റെ രക്ഷിതാവ് എന്നെ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്യുന്നു.' *(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ലക്കത്തിൽ**


ജുമുഅ ഖുത്വ്ബ
25 മാർച്ച് 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
യൂറോപ്പ് പര്യടനം


**രോഗിയും യാത്രക്കാരനും നോമ്പു പിടിക്കരുത്. ഇതിൽ കല്പനയാണുള്ളത്. ആർക്കാണോ പിടിക്കാൻ കഴിയുന്നത് അവൻ പിടിക്കട്ടെയെന്നോ പിടിക്കാൻ കഴിയാത്തവൻ പിടിക്കാതിരിക്കട്ടെയെന്നോ അല്ലാഹു ഇവിടെ പറഞ്ഞില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

### നോമ്പിന്റെ യാഥാർത്ഥ്യം

'സൂര്യോഷ്ണത്തിനാണ് റമള് എന്നു പറയുന്നത്. റമളാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടേയും ശാരീരികാനന്ദങ്ങളുടേയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്ന് അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിന് ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും ഉണ്ടാകുന്നു. അങ്ങനെ ആത്മീയവും ഭൗതികവുമായ ഊഷ്മാവുകൾ ഒന്നായിച്ചേർന്ന് റമളാൻ ഉണ്ടായി. റമളാൻ ഉഷ്ണകാലത്ത് വന്നതുകൊണ്ടാണ് റമളാൻ എന്ന പേരു സിദ്ധിച്ചതെന്ന നിഘണ്ടുകർത്താക്കളുടെ അഭിപ്രായത്തോടു എനിക്കു യോജിപ്പില്ല. എന്റെ പക്കൽ ഇതു ശരിയല്ല. കാരണം ഇത് അറേബ്യബികൾക്ക് മാത്രമുള്ള പ്രത്യേകതയല്ല. ആത്മീയമായ റമള് എന്നതുകൊണ്ടു ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവുമാണ് ഉദ്ദേശ്യം. കല്ലു തുടങ്ങിയവ ചൂടാകുന്ന താപത്തിനും റമള് എന്നു പറയുന്നു.' *(മൽഫൂദാത്ത് വാല്യം 1 പേജ് 194, പ്രസാധനം 2018 ഖാദിയാൻ)*

### യാത്രയിൽ നോമ്പ്

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)നോടു ചോദിച്ചു:യാത്രയിൽ നോമ്പു നോൽക്കുന്നതിനെ സംബന്ധിച്ച് എന്താണ് കല്പന? അവിടന്ന് പറഞ്ഞു: '**അലാ സഫരിൻ ഫയിദ്ദത്തിൻമ്മിൻ അയ്യാമിൻ ഉഖറ**(2:185) അതായത് രോഗിയും യാത്രക്കാരനും നോമ്പു പിടിക്കരുത്. ഇതിൽ കല്പനയാണുള്ളത്. ആർക്കാണോ പിടിക്കാൻ കഴിയുന്നത് അവൻ പിടിക്കട്ടെയെന്നോ പിടിക്കാൻ കഴിയാത്തവൻ പിടിക്കാതിരിക്കട്ടെയെന്നോ അല്ലാഹു ഇവിടെ പറഞ്ഞില്ല. ഞാൻ വിചാരിക്കുന്നത് യാത്രക്കാരൻ നോമ്പു പിടിക്കാതിരിക്കേണ്ടതാണെന്നാണ്. കാരണം പൊതുവെ മിക്കയാളുകളും പിടിക്കാറുണ്ട്. അതുകൊണ്ട് ആരെങ്കിലും ഇടപാടെന്ന നിലയിൽ പിടിക്കുകയാണെങ്കിൽ കുഴപ്പമൊന്നുമില്ല. എന്നാൽ, **യിദ്ദത്തുൻമ്മിൻ അയ്യാമിൻ ഉഖറ** എന്നതിനെ പരിഗണിക്കേണ്ടതാണ്.'

അപ്പോൾ മൗലവി നൂറുദ്ദീൻ സാഹിബ്(റ)പറഞ്ഞു: 'അല്ലാതെ തന്നെ മനുഷ്യൻ മാസത്തിൽ കുറച്ചു നോമ്പ് നോൽക്കേണ്ടതാണ്.'

നാം ഇത്രമാത്രം പറയാനാഗ്രഹിക്കുകയാണ്. ഒരു അവസരത്തിൽ ഹദ്റത്ത് അഖ്ദസ്(അ) പറഞ്ഞു: യാത്രയിൽ വിഷമങ്ങൾ സഹിച്ച് ആരാണോ നോമ്പു നോൽക്കുന്നത് അയാൾ തന്റെ കരബലംകൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താനാണാഗ്രഹിക്കുന്നത്. കല്പന അനുസരിച്ച് അവനെ തൃപ്തിപ്പെടുത്താനാഗ്രഹിക്കുന്നില്ല. ഇതു തെറ്റാണ്. അല്ലാഹുവിനോടുള്ള അനുസരണം എന്നത് വിധിവിലക്കുകളിലുള്ള സത്യസന്ധമായ ഈമാൻ അഥവാ വിശ്വാസമാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 266, പ്രസാധനം ഖാദിയാൻ 2018)*

**ഒരാൾ തന്റെ വായ അടച്ചുവെക്കുകയും പകൽ മുഴുവൻ ഒന്നും തിന്നാതേയും കുടിക്കാതെയും ഇരിക്കുന്നതിന്റെ പേരല്ല നോമ്പ്. പ്രത്യുത നോമ്പെന്ന് പറയുന്നത് വായയെ തിന്നുന്നതിൽനിന്നും കുടിക്കുന്നതിൽനിന്നുമാത്രം തടയാതെ ആത്മീയതയ്ക്കു ഭംഗം വരുത്തുന്നതും ദോഷംവരുത്തുന്നതുമായ കാര്യങ്ങളിൽനിന്നെല്ലാം രക്ഷിക്കുകയും ചെയ്യുക എന്നതുമാണ്. കളവു പറയാതിരിക്കുക, ചീത്തവിളിക്കാതിരിക്കുക, പരദൂഷണം പറയാതിരിക്കുക, കലഹിക്കാതിരിക്കുക!**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: '**ലഅല്ലക്കും തത്തഖൂൻ** എന്നതിൽ മറ്റൊരു ഗുണം പറഞ്ഞിട്ടുള്ളത് നോമ്പുപിടിക്കുന്നവൻ ദോഷങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷപ്പെടുന്നു എന്നതാണ്. ഈ ഉദ്ദേശ്യം എങ്ങനെയാണ് പൂർത്തിയാകുന്നതെന്നാൽ ഭൗതികതയുമായുള്ള ബന്ധം വിച്ഛേദിക്കുന്ന കാരണത്താൽ മനുഷ്യന്റെ ആത്മീയദൃഷ്ടി ഓജസ്സുള്ളതായിത്തീരുന്നു. അതിനുമുമ്പേ കാണാതിരുന്ന ന്യൂനതകൾ അവൻ കാണാൻ തുടങ്ങുന്നു. ഇപ്രകാരം മനുഷ്യന് പാപങ്ങളിൽനിന്ന് ഇങ്ങനേയും രക്ഷപ്പെടാൻ കഴിയും. നബി(സ)തിരുമേനി പറഞ്ഞു:ഒരാൾ തന്റെ വായ അടച്ചുവെക്കുകയും പകൽമുഴുവൻ ഒന്നും തിന്നാതേയും കുടിക്കാതെയും ഇരിക്കുന്നതിന്റെ പേരല്ല നോമ്പ്. പ്രത്യുത നോമ്പെന്ന് പറയുന്നത് വായയെ തിന്നുന്നതിൽനിന്നും കുടിക്കുന്നതിൽനിന്നുമാത്രം തടയാതെ ആത്മീയതയ്ക്കു ഭംഗം വരുത്തുന്നതും ദോഷംവരുത്തുന്നതുമായ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷിക്കുകയും ചെയ്യുക എന്നതുമാണ്. കളവു പറയതിരിക്കുക, ചീത്തവിളിക്കാതിരിക്കുക, പരദൂഷണം പറയാതിരിക്കുക, കലഹിക്കാതിരിക്കുക! ഇനി നിങ്ങൾ നോക്കുക, നാവിനെ നിയന്ത്രണത്തിൽ വെക്കുക എന്ന കല്പന എപ്പോഴത്തേക്കുമുള്ളതാണ്. പക്ഷേ, നോമ്പുകാരൻ പ്രത്യേകമായ നിലയിൽ തന്റെ നാവിനെ നിയന്ത്രിക്കുന്നു. കാരണം അവൻ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവന്റെ നോമ്പു മുറിഞ്ഞുപോകുന്നു. ഒരാൾ ഒരുമാസംവരെ തന്റെ നാവിനെ നിയന്ത്രിച്ചു വെക്കുകയാണെങ്കിൽ ഇക്കാര്യം ബാക്കിയുള്ള പതിനൊന്നുമാസത്തിലും അവന് സംരക്ഷണത്തിന്റെ ഒരു മാർഗമായിത്തീരുന്നതാണ്. ഇപ്രകാരം നോമ്പ് അവനെ എന്നെന്നേക്കുമായി പാപങ്ങളിൽനിന്ന് രക്ഷിക്കുന്നു.

പിന്നീട് ലഅല്ലക്കും തത്തഖൂനിൽ നോമ്പിന്റെ മറ്റൊരു ഗുണം പറഞ്ഞിട്ടുള്ളത് അതിന്റെ ഫലമായി തഖ്‌വായിൽ അഥവാ ഈശ്വരഭക്തിയിൽ സ്ഥിരനിശ്ചയം കരസ്ഥമാകുന്നു എന്നതാണ്. മനുഷ്യന് ആത്മീയതയുടെ ഉന്നതനിലകൾ കരസ്ഥമാകുന്നു. നോമ്പുകളുടെ ഫലമായി സമ്പന്നന്മാർമാത്രമല്ല അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നത്. ദരിദ്രരും തങ്ങളുടെ ഉള്ളിൽ ഒരു പുതിയ ആത്മീയവിപ്ലവം ആസ്വദിക്കുന്നു. അവരും അല്ലാഹുവുമായുള്ള കൂടിക്കാഴ്ചകൊണ്ട് അതിരറ്റ ആനന്ദം ആസ്വദിക്കുന്നു. പാവങ്ങളായ ദരിദ്രർ വർഷം മുഴുവൻ ഞെങ്ങിഞെരുങ്ങിയാണ് ജീവിക്കുന്നത്. ചിലഘട്ടങ്ങളിൽ അവർക്ക് പട്ടിണി കിട

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**എന്റെ ജമാഅത്ത് കേവലം വ്യാപാരസ്ഥാപനമാണെങ്കിൽ അതിന്റെ പേരും അടയാളവും തന്നെ മാഞ്ഞുപോകുന്നതാണ്. എന്നാൽ, അത് അല്ലാഹുവിൽനിന്നാണെങ്കിൽ-തീർച്ചയായും അല്ലാഹുവിൽനിന്നുള്ളതാണ്-മുഴുലോകവും അതിനെ എതിർത്താലും അത് വളരുകയും പടരുകയും മലക്കുകൾ അതിനെ സംരക്ഷിക്കുകയും ചെയ്യും. ഒരാൾപോലും എന്നോടൊപ്പമില്ലെങ്കിലും ആരും സഹായിക്കുന്നില്ലെങ്കിലും ഈ ജമാഅത്ത് വിജയിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു.**

**അല്ലാഹുവിൽനിന്ന് സഹായം വരുമ്പോൾ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല.**

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത ജീവചരിത്രം, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ച ഈമാൻ വർധക സംഭവങ്ങൾ

ഈ സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത വിളിച്ചോതുമ്പോൾ നമുക്ക് നമ്മുടെ പരിവർത്തനമുണ്ടാക്കുകയും നമ്മുടെ ഈമാൻ ശക്തിപ്പെടുത്താൻ ശ്രദ്ധിക്കുകയും വേണം. ഇതില്ലെങ്കിൽ ഇതു കേട്ടതുകൊണ്ട് ഒരു പ്രയോജനവുമില്ല.സത്യവിശ്വാസികൾക്ക് പരീക്ഷണമുണ്ടാകേണ്ടതും നിർബന്ധമാണ്. അപ്പോൾ നിങ്ങൾ ക്ഷമയോടെ പ്രവൃത്തിക്കുകയും ദുആകൾ ചെയ്യുകയുമാണെങ്കിൽ അല്ലാഹു ആ പരീക്ഷണം അകറ്റുന്നതായിരിക്കും.

**കുർദീ ഭാഷയിൽ ആദ്യത്തെ അഹ്മദിയ്യ വെബ്സൈറ്റിന്റെ ഉൽഘാടനം**

ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ദുആ ചെയ്യുക. മനുഷ്യർക്ക് ബുദ്ധിനല്കുമാറാകട്ടെ. തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരാകട്ടെ.

**ഖുത്ബ ജുമുഅ 2022 മാർച്ച് 25/1401 അമാൻ 25,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ○ اَلرَّحْمٰنِ الرَّحِیْمِ○ مٰلِکِ یَوْمِ الدِّیْنِ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ○

രണ്ട് ദിവസം മുമ്പേ മാർച്ച് 23 ആയിരുന്നു. ഈ ദിവസം ജമാഅത്തിൽ മസീഹ് മൗഊദ് ദിനം എന്ന് അറിയപ്പെടുന്നു. ഈ ദിവസമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യമായി ബയ്അത്ത് സ്വീകരിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ദിവസത്തോടനുബന്ധിച്ച് ജമാഅത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളേയും കാലഘട്ടത്തിനനുസരിച്ചുള്ള അദ്ദേഹത്തിന്റെ ആഗമനത്തിന്റെ ആവശ്യകതയേയും അദ്ദേഹത്തെപ്പറ്റി നബി(സ)തിരുമേനിയുടെ പ്രവചനങ്ങളേയും അദ്ദേഹത്തിന്റെ ചരിത്രത്തിന്റെ വിവിധ വശങ്ങളും വിവരിക്കപ്പെടുന്നു. കാലഘട്ടത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ തന്റെ ആഗമനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഒരു സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു: 'ഈ കാലഘട്ടത്തിൽ അല്ലാഹു വലിയൊരു അനുഗ്രഹമാണ് ചെയ്തിട്ടുള്ളത്. തന്റെ ദീൻ അഥവാ ഇസ്‌ലാമിന്റേയും ഹദ്റത്ത് നബി(സ)തിരുമേനിയുടെയും സഹായത്തിനുവേണ്ടി തന്റെ ആത്മാഭിമാനം പ്രകടപ്പിച്ചുകൊണ്ട് ഒരു മനുഷ്യനെ അതായത് നിങ്ങൾക്കിടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയെ, ജനങ്ങളെ ഈ പ്രകാശത്തിലേക്ക് ക്ഷണിക്കാൻ അയച്ചിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഇത്തരം ഫിത്നകളും ഫസാദുകളും ഇല്ലാതിരിക്കുകയും ദീനിനെ ഇല്ലാതാക്കാൻ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഒരു പ്രശ്നവുമില്ലായിരുന്നു. അപ്പോൾപ്പിന്നെ ആരേയും അയക്കേണ്ട കാര്യവും അല്ലാഹുവിനില്ലായിരുന്നു. എന്നാൽ, ഇപ്പോൾ നിങ്ങൾ കാണുന്നതുപോലെ ഇടത്തും വലത്തും ഇസ്‌ലാമിനെ നിഷ്കാസനം ചെയ്യാൻ എല്ലാ സമുദായങ്ങളും തുനിഞ്ഞിരിക്കുകയാണ്. എല്ലാ ഭാഗത്തും ഇസ്‌ലാമിനെ എങ്ങനെ ഇല്ലാതാക്കാമെന്ന ചിന്തയാണ് കാണുന്നത്.

അദ്ദേഹം വാദമനുന്നയിച്ച കാലത്തും ഇതുതന്നെയായിരുന്നു അവസ്ഥ. ഇപ്പോഴും ഇതുതന്നെയാണ് അവസ്ഥ. എന്നാൽ മുസ്‌ലിമീങ്ങൾ എന്ന് പറയപ്പെടുന്ന ഭൂരിപക്ഷത്തിന് ഇക്കാര്യം മനസ്സിലാകുന്നില്ല.

ഏതായാലും അദ്ദേഹം പറയുന്നു: 'ബറാഹീനെ അഹ്മദിയ്യായിൽ ഇതു രേഖപ്പെടുത്തിയതുപോലെ ഞാനോർക്കുന്നു. അതായത് ഇസ്‌ലാമിനെതിരിൽ 6 കോടി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ 6 കോടിയാണെന്നതും ഇസ്‌ലാമിനെതിരിൽ പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളുടെ എണ്ണം അത്രതന്നെയാണെന്നതും അത്ഭുതമുളവാക്കുന്ന കാര്യമാണ്. ഇതിലുണ്ടായിട്ടുള്ള വർധന ഒഴിവാക്കിയാൽത്തന്നെ, നമ്മുടെ എതിരാളികൾ ഓരോരോ ഗ്രന്ഥം ഓരോ മുസ്‌ലിമിന്റേയും കൈയിൽ കൊടുത്തു കഴിഞ്ഞിട്ടുണ്ട് എന്നതാണ് വാസ്തവം. അല്ലാഹുവിന്റെ അഭിമാനം തിളച്ചുപൊന്തിയില്ലായിരുന്നു എങ്കിലും **ഇന്നാ ലഹൂ ലഹാഫിളൂൻ** എന്ന അവന്റെ വാഗ്ദാനം പുലർന്നില്ലായിരുന്നുവെങ്കിലും ഇന്ന് നിശ്ചയമായും ഇസ്‌ലാം ഭൂമുഖത്തുനിന്ന് നാമാവശേഷമായിത്തീർന്നിട്ടുണ്ടാകുമെന്ന് മനസ്സിലാക്കുക. അല്ലാഹുവിന്റെ അദൃശ്യകരം അതിനെ സംരക്ഷിച്ചുപോരുന്നു.' *(മൽഫൂദാത്ത് വാള്യം 1, പേജ് 73 )*

തന്റെ വാദത്തിനുശേഷം എങ്ങനെയാണ് അല്ലാഹുവിന്റെ സഹായവും പിന്തുണയും തനിക്കു കിട്ടുന്നതെന്നും എങ്ങനെയാണ് വിശുദ്ധഖുർആനിൽ വിവരിച്ച പ്രവചനങ്ങൾ അദ്ദേഹത്തിന്റെ കാര്യത്തിൽ പൂർത്തിയാകുന്നതെന്നും എങ്ങനെയാണ് നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾ താൻ മഹ്ദിമസീഹാണെന്ന കാര്യത്തിൽ സാക്ഷാത്ക്കരിക്കപ്പെടുന്നതെന്നും അദ്ദേഹം വിവരിച്ചു. ഞാൻ പറഞ്ഞുവന്നതുപോലെ വിവിധ യോഗങ്ങളിൽ ഇതെല്ലാം നിങ്ങൾ കേട്ടിട്ടുണ്ടാകും. എം.ടി.എയിലും പ്രോഗ്രാം വരുന്നുണ്ട്. അതിലും കേട്ടിരിക്കും. അതിന്റെയൊക്കെ വിശദീകരണവുമുണ്ടാകും. അത് എല്ലാവരും കേൾക്കേണ്ടതുമാണ്.

ഈ സമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞ ചില കാര്യങ്ങൾ ഞാൻ വിവരിക്കുന്നതാണ്. ഈ സംഭവങ്ങൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കാണുകയോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് നേരിട്ട് കേൾക്കുകയോ നേരിട്ട് കണ്ടവർ അദ്ദേഹത്തോട് വിവരിക്കുകയോ ചെയ്തിട്ടുള്ളതാണ്. ഇതിൽ അന്യരുമുണ്ട്, സ്വന്തക്കാരുമുണ്ട്. ഈ സംഭവങ്ങൾ ഹദ്

റത്ത് മസീഹ് മൗഊദ്[അ]ന്റെ സത്യസാക്ഷ്യം വിവരിക്കുന്നതോടൊപ്പം നമ്മുടെ പരിഷ്കരണത്തിനും നമ്മുടെ വിശ്വാസവർധനയ്ക്കും നമ്മുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ഇവ കേൾക്കുമ്പോൾ നമ്മുടെ പരിഷ്കരണത്തിലേക്കും ശ്രേഷ്ഠതയിലേക്കും ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ ഇതു കേട്ടതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ട് ഈ വീക്ഷണങ്ങളും ഇക്കാര്യങ്ങളും നമ്മൾ കേൾക്കേണ്ടതാണ്. ഇപ്പോഴും കേൾക്കേണ്ടതാണ്. അങ്ങനെ വിശ്വാസത്തെ ഊട്ടിഉറപ്പിക്കുക. വിശ്വാസത്തെ ബലവത്താക്കാനുള്ള മാർഗ്ഗമാക്കുകയും ചെയ്യുക.

പ്രവാചകന്മാരുടെ എതിരാളികളെപ്പോഴും അനുവർത്തിച്ച നയം അവർ ജ്ഞാനനിർഭരമായ കാര്യങ്ങൾ പറയുമ്പോൾ അതു മറ്റാരോ അവർക്ക് പറഞ്ഞുകൊടുക്കുന്നതാണെന്നാണ്. എത്രത്തോളമെന്നാൽ നബി[സ]തിരുമേനിക്കുമേലും വിശുദ്ധഖുർആനിനെ സംബന്ധിച്ച് ഈ ആരോപണമുണ്ട്. അതായത് നബി[സ]തിരുമേനിക്ക് മറ്റാരോ പഠിപ്പിച്ചുകൊടുക്കുന്നുണ്ടെന്ന്! വാസ്തവത്തിൽ അതിനുതുല്യമായ ഗ്രന്ഥം സമർപ്പിക്കാൻ കഴിയാത്ത ഗ്രന്ഥമാകുന്നു അത്. ഇതു അല്ലാഹുവിന്റെ വെല്ലുവിളിയുമാണ്. ഏതായാലും ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ സംബന്ധിച്ച് ഞാൻ പരാമർശിച്ചുവന്നത് അദ്ദേഹം ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥമെഴുതി. അദ്ദേഹം തുടക്കത്തിൽ പറഞ്ഞത് ഇത്ര വാള്യം എഴുതുമെന്നാണ്! എന്നാൽ, അതിനുമേൽ ദൈവനിയോഗിതനാണെന്നസ്ഥാനം അല്ലാഹു അദ്ദേഹത്തിനു നൽകുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇക്കാര്യങ്ങളെല്ലാം അല്ലാഹു തന്റെ കൈയിലെടുത്തിരിക്കുകയാണ്. അവൻ കാലാനുസൃതം പഠിപ്പിക്കുന്ന വിഷയങ്ങൾ ഞാൻ വിവരിക്കുന്നതായിരിക്കും. അപ്പോൾ എതിരാളികൾ ആരോപണമുന്നയിച്ചുകൊണ്ട് പറഞ്ഞു, അദ്ദേഹത്തിന് ആരോ എഴുതിക്കൊടുക്കുന്നതാണ് വിവരിക്കുന്നതെന്ന്!'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ഇതു സംബന്ധിച്ച് ഒരു പ്രസംഗത്തിൽ പറഞ്ഞു: 'അന്ന് 'സമീന്ദാർ' എന്നും 'ഇൻസാൻ' എന്നും രണ്ട് പത്രങ്ങളുണ്ടായിരുന്നു. ഈ ശത്രുപത്രങ്ങൾ ഇത്രത്തോളം എഴുതി, 'ഹയ്ദ്രാബാദിയായ ഏതോ മൗലവി ചിരാഗ് അലി സാഹിബ് ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് ഈ ലേഖനങ്ങളെഴുതി അയക്കുകയാണ്. അതാണ് അദ്ദേഹം ബറാഹീനെ അഹ്മദിയ്യായിൽ എഴുതി പ്രസിദ്ധീകരിക്കുന്നതെന്ന്. അദ്ദേഹം ലേഖനങ്ങൾ കൊടുത്തിരുന്ന കാലത്തോളം അദ്ദേഹം പുസ്തകം എഴുതിക്കൊണ്ടിരുന്നു. അദ്ദേഹം ലേഖനങ്ങൾ അയക്കുന്നത് നിറുത്തിയപ്പോൾ അദ്ദേഹത്തിന്റെ ഗ്രന്ഥമെഴുത്തും തീർന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: 'ഈ ചിരാഗ്ദീൻ സാഹിബിന് എന്തുപറ്റി എന്നറിയില്ല. അദ്ദേഹമാണ് എഴുതുന്നതെന്നാണ് ജനങ്ങൾ പറയുന്നത്. നല്ല കാര്യങ്ങൾ എന്തെങ്കിലും ചിന്തയിൽ വന്നാൽ അത് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് അയച്ചുകൊടുക്കാനും എന്തെങ്കിലും അവിടെയും ഇവിടെയുമുള്ള നിസ്സാര കാര്യങ്ങൾ തന്റെ പക്കൽ വെക്കുകയും ചെയ്യാൻ അദ്ദേഹത്തിന് എന്തുപറ്റി? മൗലവി ചിരാഗ്ദീനും എഴുത്തുകാരനാണ്. ബറാഹീനെ അഹ്മദിയ്യാക്ക് മുന്നിൽ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും വെച്ചുനോക്കുക. അവ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ബറാഹീനെ അഹ്മദിയ്യാ എവിടെ, അയാളുടെ ഗ്രന്ഥങ്ങളെവിടെ കിടക്കുന്നു. സമാനതകളില്ലാത്ത ലേഖനങ്ങൾ മറ്റുള്ളവർക്ക് എഴുതിക്കൊടുക്കുകയും തന്റെ പേരിൽ എന്തെങ്കിലും ലേഖനം പ്രസിദ്ധീകരിക്കുമ്പോൾ അതിൽ അവ ഇല്ലാതിരിക്കുകയും ചെയ്യുക! അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് ലേഖനങ്ങൾ എഴുതി അയക്കേണ്ട ആവശ്യംതന്നെ എന്തായിരുന്നു? ഇനി അയക്കുകയാണെങ്കിൽത്തന്നെ ഉത്തമമായത് തന്റെ പക്കൽ വെച്ച് നിസാരമായത് അന്യർക്ക് അയക്കുകയല്ലേ ചെയ്യുക!

'ദോഖ്' എന്നൊരു കവിയുണ്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് എല്ലാവർക്കുമറിയാം. ബഹദൂർശാഹ് ള്വഫ്റിന് കവിതകളെഴുതിയെഴുതിക്കൊടുക്കാറുണ്ടായിരുന്നു. എന്നാൽ, 'ദീവനെ ദോഖും' 'ദീവാനെ ള്വഫറും' രണ്ടു സമാഹാരങ്ങളും നിലവിലുണ്ട്. അവ നോക്കിയാൽ വ്യക്തമായും 'ദോഖി'ന്റെ കവിതയിലുള്ള സാഹിത്യസമ്പന്നത 'ള്വഫ്റി'ന്റെ കാവ്യത്തിൽ ഇല്ലെന്ന് കാണാൻ കഴിയും. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് അദ്ദേഹം ള്വഫ്റിന് എന്തെങ്കിലും കൊടുത്തിരുന്നുവെങ്കിൽത്തന്നെ അവശേഷിച്ച എന്തെങ്കിലുമാണ് കൊടുത്തിരുന്നതെന്നാണ്; ഉന്നതമായവ കൊടുത്തിരുന്നില്ല. വാസ്തവത്തിൽ ള്വഫറായിരുന്നു രാജാവ്!

ചുരുക്കത്തിൽ നിസാരബുദ്ധിയുള്ള ആൾക്കുപോലും മനസ്സിലാക്കാൻ കഴിയും മൗലവി ചിരാഗ്ദീൻ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് ലേഖനങ്ങൾ അയച്ചിരുന്നുവെങ്കിൽ അഭൗമിക ജ്ഞാനത്തിന്റെ നല്ല നല്ല കാര്യങ്ങൾ തന്റെ പക്കൽവെച്ച് നിസാര സംഗതികൾ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് അയക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ, മൗലവി ചിരാഗ്ദീന്റെ പുസ്തകങ്ങളുമുണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ പുസ്തകങ്ങളുമുണ്ട്. അവ പരസ്പരം താരതമ്യം ചെയ്തുനോക്കുക. അവ തമ്മിൽ ഒരു ബന്ധവും കാണുകയില്ല. അദ്ദേഹം അതായത് മൗലവി ചിരാഗ്ദീൻ കേവലം ബൈബിൾ ഉദ്ധരണികൾ സ്വരുക്കൂട്ടുകയാണ് ചെയ്തിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്[അ] 13 നൂറ്റാണ്ടുകളായി ആർക്കുംതന്നെ ചിന്തിക്കാൻ കഴിയാത്ത വിശുദ്ധഖുർആനിന്റെ അഭൗമിക ജ്ഞാനങ്ങളാണ് സമർപ്പിച്ചത്. അവയുടെ നൂറിലൊന്ന്, മറിച്ച് ആയിരത്തിൽ ഒരു അംശംപോലും മൗലവി ചിരാഗ്ദീന്റെ പുസ്തകങ്ങളിലില്ല.' *(ഫളാഇലുൽഖുർആൻ(6) അൻവാറുൽഉലൂം വാള്യം 14, പേജ് 350)*

ഹദ്റത്ത് മസീഹ് മൗഊദ്[അ]നെതിരിൽ മൗലവിമാർ ബഹളം കൂട്ടാറുണ്ട്. ഈ മൗലവിമാരുടേയും എതിരാളികളുടേയും ബഹളങ്ങളേയും എതിർപ്പുകളേയും കുറിച്ച് അദ്ദേഹം ഒരിടത്ത് പറയുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്[അ]വാദമുന്നയിച്ച കാലത്ത് അദ്ദേഹത്തിന്റേയും അദ്ദേഹത്തെ അംഗീകരിക്കുന്നവരുടേയും അവസ്ഥ പൊതുവിൽ വളരെ ദുർബലമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: ഞാൻ ജനിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ വാദത്തിന് മുമ്പേയാണ്. ഞാൻ അവിടത്തെ ആദ്യകാലം കണ്ടിട്ടില്ല. എങ്കിലും ആദ്യകാലഘട്ടത്തിന്റെ സമീപഘട്ടം കണ്ടിട്ടുണ്ട്. അതായത് നല്ല ഓർമയുള്ളകാലത്ത്. അതും ജമാഅത്തിന് ബാലാവസ്ഥയുടെ കാലമായിരുന്നു. പലവിധത്തിൽ മൗലവിമാർ ജനങ്ങളെ ഇളക്കിവിടുകയും എല്ലാ നിലയ്ക്കും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഏൽപ്പിക്കുകയും ചെയ്തിരുന്നു. *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 8, പേജ് 248)*

പക്ഷേ, ഒരു തടസ്സവുമുണ്ടാക്കാൻ അവർക്കു കഴിഞ്ഞില്ല. അല്ലാഹുവിന്റെ പ്രവൃത്തികളെല്ലാം പൂർത്തിയായിക്കൊണ്ടിരുന്നു.

എതിർപ്പുകൾ തുടർന്നുകൊണ്ടിരുന്നു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ പ്രതികരണം എന്തായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്[അ] ഇങ്ങനെ പറയുന്നതായി ഞാൻ പലതവണ കേട്ടിട്ടുണ്ട്. അതായത് 'ജനങ്ങൾ തെറിപറയുമ്പോഴും വളരെ മോശമായി തോന്നുന്നു. ഇവർ എന്തിനാണ് തങ്ങളുടെ പര്യവസാനം നമ്മെ തെറിപറഞ്ഞുകൊണ്ട് കേടുവരുത്തുന്നത്. അവർ തെറി പറയുന്നില്ലെങ്കിലും പ്രയാസം തോന്നുന്നു. കാരണം എതിർപ്പില്ലാതെ ജമാഅത്ത് പുരോഗതി പ്രാപിക്കുന്നതല്ല. ഇവർ തെറിപറയുമ്പോൾ ആ എതിർപ്പുകാരണം സന്ദേശമെത്തുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു: ആയതിനാൽ നമുക്ക് (ഇവരുടെ) തെറി പറച്ചിലിൽ ആനന്ദവുമുണ്ട്. അതുകൊണ്ട് ജനങ്ങളുടെ ആക്ഷേപങ്ങളേയും ദുർനടപ്പിനേയും ഗൗനിക്കേണ്ടതില്ല.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്[അ] സാധാരണ വിവരിക്കാറുണ്ടായിരുന്ന പഞ്ചാബിയിലെ ഒരു ചൊല്ലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: **'ഊണ്ട് ഉടാൻധെ ഈ ലദെ ജാൻദെ നേ'** അതായത് ഒട്ടകം അലറിക്കൊണ്ടിരിക്കുന്നു. പക്ഷേ യജമാനൻ അതിനെ തടവിക്കൊണ്ട് വീണ്ടും ഭാരം കയറ്റുന്നു. അതുപോലെ ജനങ്ങൾ എന്തുപറഞ്ഞാലും ഹദ്റത്ത് മസീഹ് മൗഊദ്[അ] നൽകിയ ഉപദേശം ഇതാകുന്നു, 'നിങ്ങൾ സൗമ്യമായും സ്നേഹത്തോടെയും വർത്തിക്കുക. *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 15, പേജ് 265)*

അല്ലാഹു അനുഗ്രഹിക്കുന്നതായിരിക്കും. ഇവരിൽനിന്നുതന്നെ സ്വീകരിക്കുന്നവരും ഉണ്ടാകുന്നതായിരിക്കും. ഈ എതിർപ്പിനെ ഉദ്ധരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്[അ]വാദങ്ങൾ പുറപ്പെടുവിച്ചപ്പോൾ അദ്ദേഹത്തെ അംഗീകരിക്കുന്നവർ ഏതാനുംപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം ആഥിമുമായി അദ്ദേഹത്തിന്റെ പോരാട്ടമുണ്ടായപ്പോൾ ജനങ്ങൾക്കുമേൽ ഒരു പരീക്ഷണം വന്നു. അദ്ദേഹത്തിന്റെ പ്രവചനം ബാഹ്യമായ വാക്കുകളിൽ പൂർത്തിയായില്ലെന്ന് ജനങ്ങൾ ധരിച്ചു. പിന്നെ

ലേഖ്റാമിനെ നേരിട്ടു. അപ്പോൾ അദ്ദേഹത്തിന്റെ പ്രവചനം വളരെ പ്രതാപത്തോടെ പൂർത്തിയായി. പക്ഷേ, ഹിന്ദുക്കൾക്കിടയിൽ മസീഹ് മൗഊദിന്നെതിരിൽ ഒരു ആവേശമുണ്ടായി. അവർ അദ്ദേഹത്തെ ശക്തിയായി എതിർക്കാൻ തുടങ്ങി. അതുപോലെ മൗലവി മുഹമ്മദു ഹുസയ്ൻ സാഹിബിന്റെ ഫത്‌വകളുടെ കാലം വന്നപ്പോൾ ജമാഅത്തിനുമേൽ പരീക്ഷണം വന്നു. പിന്നെ ഡോക്ടർ അബ്ദുൽ ഹക്കീം മൂർത്തദ്ദായപ്പോൾ ജമാഅത്തിനുമേൽ പരീക്ഷണമുണ്ടായി. ചുരുക്കത്തിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ ശക്തമായ എതിർപ്പുകളുണ്ടായി. 'ഇവർ ഇല്ലാതായെന്ന്' കാണുന്നവർ കരുതാൻതുടങ്ങി. എന്നാൽ, അല്ലാഹു എല്ലാ ഫിത്നകളേയും ഇല്ലാതാക്കാനുള്ള കാര്യങ്ങളൊരുക്കി. ഈ ഫിത്നകൾ ജമാഅത്തിനെ നശിപ്പിക്കുന്നതിനു പകരം അതിന്റെ പുരോഗതിക്കും അന്തസ്സിനും നിമിത്തമായി മാറുകയും ചെയ്തു.

അങ്ങനെ തന്നെയാണ് ഇപ്പോഴുമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നിങ്ങൾ നോക്കുക! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് എതിർപ്പുകളുയർന്നു. ഏതെല്ലാം വിധത്തിലാണ് ജമാഅത്തിനെതിരിൽ എതിർപ്പുണ്ടായത്? ഫസാദുകളുണ്ടായത്? ഇപ്പോൾ ജമാഅത്ത് ഇല്ലാതാകുമെന്ന് ജനങ്ങൾ ചിന്തിച്ചുതുടങ്ങി. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ പ്രാവശ്യവും ജമാഅത്ത് നേരത്തേതിലും കൂടുതൽ പുരോഗതി പ്രാപിച്ചുകൊണ്ടുപോയി. *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 8, പേജ് 298)*

ഇതാണ് ജമാഅത്തിന്റെ ചരിത്രം. ഇതു തന്നെയാണ് ദൈവിക പ്രസ്ഥാനങ്ങളുടെ ചരിത്രവും. എതിർപ്പിന്റെ ഈ രീതി തുടർന്നുവരുന്നു. ഇപ്പോഴും അങ്ങനെതന്നെയാണ്. ഈ എതിർപ്പുകളിലൂടെ കടന്നുകൊണ്ട് ജമാഅത്ത് പുരോഗതി പ്രാപിക്കുന്നു. ഇനിയും ഇൻശാഅല്ലാഹ് പുരോഗതി നേടിക്കൊണ്ടിരിക്കുകയും ചെയ്യും. എതിരാളികളും കപടവിശ്വാസികളും ജമാഅത്തിന്നെതിരിൽ ശക്തി ചെലുത്തുന്നു. എന്നാൽ, അല്ലാഹു തന്റെ പ്രവർത്തനവും വാഗ്ദാനവും പൂർത്തിയാക്കുകതന്നെ ചെയ്യുന്നതാണ്.' *(ഇൻശാഅല്ലാഹ്)*

എതിർപ്പുകളെ ഉദ്ധരിച്ചുകൊണ്ട് ഒരു പ്രഭാഷണത്തിൽ അദ്ദേഹം പറയുന്നു: 'ഒരുവശത്ത് ജനങ്ങൾക്കുള്ളിൽ എതിർപ്പുണ്ടാകുമ്പോൾ, അതുകാരണം അവർ നമ്മുടെ കാര്യങ്ങൾ കേൾക്കാൻ ശ്രദ്ധ ചെലുത്തുന്നില്ല. അവർക്കുള്ളിൽ കോപമുണ്ടാകുന്നു. ഇത് നമുക്ക് നല്ലതല്ല. എന്നാൽ, മറ്റൊരു രൂപമുണ്ട്. ആരെങ്കിലും എതിർപ്പിന്റെ കാര്യങ്ങൾ കേൾക്കുമ്പോൾ അവർ പിന്നീട് അന്വേഷണം തുടങ്ങുന്നു. അവർ മോശക്കാരാണെങ്കിൽ ഞാനൊന്ന് പോയി കാണട്ടെ എന്ന് പറയുന്നു. അവർ വന്നുകാണുമ്പോൾ ആശ്ചര്യപ്പെടുന്നു. എന്നോട് ഇവർ പറഞ്ഞ കാര്യങ്ങൾ മറ്റൊന്നായിരുന്നു. അതായത് ശത്രുക്കൾ പറഞ്ഞ കാരണം മറ്റൊന്നായിരുന്നു. എന്നാൽ, അഹ്മദികൾ പറയുന്നത് തികച്ചും വ്യത്യസ്തമായ കാര്യമാണ്. അവർ അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'എനിക്ക് ഓർമയുണ്ട്. ഞാൻ ചെറുതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇരിക്കുകയായിരുന്നു. സദസ്സ് കൂടിയിട്ടുണ്ട്. ഒരാൾ രാംപൂരിൽനിന്ന് വന്നിരുന്നു. അദ്ദേഹം ലഖ്നൗവിലോ അതിനുത്ത് ഏതോ സ്ഥലത്തോ ഉള്ള ആളാണ്. എന്നാൽ, രാംപൂരിലാണ് താമസിച്ചിരുന്നത്. ഉയരം കുറഞ്ഞ, മെലിഞ്ഞിട്ടുള്ള ഒരു മനുഷ്യനായിരുന്നു. സാഹിത്യകാരനും കവിയുമായിരുന്നു. അദ്ദേഹത്തെ ഉർദു ശൈലി നിഘണ്ടു ഉണ്ടാക്കാൻ രാംപൂരിലെ നവാബ് സാഹിബ് നിശ്ചയിച്ചതാണ്. അദ്ദേഹവും മജ്ലിസിൽ വന്നിരുന്നു. അദ്ദേഹം സ്വയം പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 'ഞാൻ രാംപൂരിൽനിന്നാണ് വന്നത്. നവാബിന്റെ സദസ്യനാകുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു: 'നിങ്ങൾക്കിവിടെ വരാൻ എന്താണ് നിമിത്തമായത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ ബയ്അത്തിൽ ചേരാനാണ് വന്നിട്ടുള്ളത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അവിടെ രാംപൂരി ഭാഗത്ത് നമ്മുടെ ജമാഅത്തിലെ ആളുകൾ വളരെ കുറവാണ്. തബ്‌ലീഗും അവിടെ കുറവാണ്. നിങ്ങൾക്ക് ഇവിടെ വരാൻ എന്താണ് നിമിത്തമായത്?' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ആ വാക്കുകൾ ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു. എനിക്ക് അത് മറക്കാൻ കഴിയില്ല. അന്ന് എന്റെ പ്രായം 16 വയസ്സായിരുന്നു. അതിന് മറുപടിയായി അദ്ദേഹം ഉടനെ പറഞ്ഞു: 'ഇവിടെ വരാൻ നിമിത്തമായത് മൗലവി ഥനാഉല്ലാഹ് സാഹിബാണ്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു. എനിക്ക് പ്രായക്കുറവ് കാരണം അതെന്താണെന്ന് മനസ്സിലാകുന്നില്ലായിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിൽ ചിരിച്ചുകൊണ്ട് ചോദിച്ചു: 'അതെങ്ങനെ?' അദ്ദേഹം പറഞ്ഞു: 'മൗലവി ഥനാഉല്ലാഹ് സാഹിബിന്റെ ഗ്രന്ഥങ്ങൾ നവാബിന്റെ സദസ്സിൽ വന്നിരുന്നു. നവാബ് സാഹിബും വായിച്ചിരുന്നു. എന്നോടും വായിക്കാൻ പറഞ്ഞു. ഞാൻ പറഞ്ഞു: മിർസാ സാഹിബിന്റെ പുസ്തകങ്ങളെല്ലാം ഉദ്ധരണി കൊടുത്തത് പുസ്തകങ്ങൾ എടുത്ത് നോക്കാനാണ്. അങ്ങനെ അഹ്മദിയ്യത്തിനെതിരിൽ നല്ലൊരു ശേഖരം ഒരുക്കാമെന്നും കരുതി. അങ്ങനെ ഉദ്ധരണികൾ എടുത്ത് വായിക്കാൻ തുടങ്ങിയപ്പോൾ അതിലെ വിഷയംതന്നെ മറ്റൊന്നായിരുന്നു. അതിൽ എനിക്ക് കൂടുതൽ താൽപര്യമായി. അങ്ങനെ ഏതാനും പേജുകൾ മുന്നിലും പിന്നിലുമുള്ളത് വായിക്കാമെന്ന് കരുതി. അത് വായിച്ചപ്പോൾ എനിക്ക് മനസ്സിലായി നബി(സ)തിരുമേനിയുടെ അന്തസ്സും പ്രതാപവും മഹത്ത്വവും മിർസാ സാഹിബ് വിവരിക്കുന്നത് മറ്റുള്ളവരുടെ മനസ്സിൽപോലുമില്ല.' തുടർന്ന് പറഞ്ഞു: 'എനിക്ക് ഫാർസിയിൽ താൽപര്യമുണ്ട്. യാദൃശ്ചികമായി എനിക്ക് ഫാർസി ദുർറെ ഥമീൻ കിട്ടി. അത് ഞാൻ വായിച്ചു. വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ ഹൃദയം പൂർണമായും ശുദ്ധമായി. അങ്ങനെ നേരിട്ടുവന്ന് ബയ്അത്ത് ചെയ്യാമെന്ന് കരുതി.' അതുകൊണ്ട് ഫസാദിന് കാരണമാകുന്നിടത്ത് ശത്രുത പ്രയോജനകരവുമാണ്. *(ചശ്മയെ ഹിദായത്ത്, അൻവാറുൽഉലൂം വാള്യം 22, പേജ് 433-435)*

അതിനാൽ ഈ രണ്ടവസ്ഥകളേയും മുന്നിൽവെച്ച് നമുക്ക് നമ്മുടെ തബ്‌ലീഗിന്റെ ബുദ്ധിപൂർവ്വകമായ കാര്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.

നബിയ്ക്ക് എതിർപ്പില്ലെങ്കിൽ അപ്പോഴും അദ്ദേഹം അസ്വസ്ഥനാകുന്നതാണ്. കാരണം എതിർപ്പുതന്നെയാണ് അഭിവൃദ്ധിയുടെ മാർഗം; ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ! ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

മിസ്‌രി ഭരണകൂടം അതിന്റെ കാലത്ത് അങ്ങേയറ്റം പേരുകേട്ട ഭരണകൂടമായിരുന്നു. അതിന്റെ രാജാവ് തന്റെ ശക്തിയിലും ബലത്തിലും അഹങ്കരിച്ചിരുന്നു. അതായത് ഫിർഔനിന്റെ കാലത്ത്. അത്തരം രാജാവിന്നെതിരിൽ ഹദ്റത്ത് മൂസായ്ക്ക്(അ) ഒരുവിധ വിലയുമില്ലായിരുന്നു. എന്നാൽ, ഇതൊക്കെയായിട്ടും അദ്ദേഹം രാജാവിന്റെ അടുത്തുപോയപ്പോൾ രാജാവ് അദ്ദേഹത്തെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ജനതയെ നശിപ്പിക്കാനുള്ള ഇംഗിതം വെളിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 'നിങ്ങൾ പിന്മാറുന്നില്ലെങ്കിൽ നിങ്ങളേയും നിങ്ങളുടെ സമൂഹത്തേയും ഇല്ലാതാക്കുന്നതാണ്.' പക്ഷേ, ഹദ്റത്ത് മൂസാ(അ) പിന്മാറിയില്ല. അദ്ദേഹം പറഞ്ഞു: അല്ലാഹു എന്നോടു ഏതൊരു സന്ദേശമെത്തിക്കാനാണോ പറഞ്ഞത്, അതു ഞാൻ എത്തിക്കുകതന്നെ ചെയ്യുന്നതാണ്. ലോകത്തുള്ള ഒരു ശക്തിക്കും എന്നെ അതിൽനിന്ന് തടയാൻ സാധ്യമല്ല.' ഇതു തന്നെയായിരുന്നു ഹദ്റത്ത് ഈസാ(അ)ന്റെ അവസ്ഥയും. അതേ അവസ്ഥ തന്നെയായിരുന്നു മുഹമ്മദ്(സ)ന്റേയും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അതുപോലെയുള്ള അവസ്ഥയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നമ്മൾ കണ്ടത്.'എല്ലാ ജനതകളും അദ്ദേഹത്തിന്നെതിരായിരുന്നു. ഭരണകൂടവും ഒരു വിധത്തിൽ പറഞ്ഞാൽ അദ്ദേഹത്തിനെതിരായിരുന്നു. പക്ഷേ, അവസാന കാലത്ത് ഇതുണ്ടായിരുന്നില്ല. ജനതകൾ അദ്ദേഹത്തിനെതിരായിരുന്നു. എല്ലാ മതാനുയായികളും അദ്ദേഹത്തിന്റെ എതിരാളികളായിരുന്നു. മൗലവിമാർ അദ്ദേഹത്തിന്റെ എതിരാളികളായിരുന്നു. ഉന്നത സ്ഥാനിയർ അദ്ദേഹത്തിന്റെ എതിരാളികളായിരുന്നു. സാധാരണക്കാർ അദ്ദേഹത്തിന്റെ എതിരാളികളായിരുന്നു. ധനാഢ്യന്മാരും പാർശ്വവർത്തികളും അദ്ദേഹത്തിന് എതിരാളികളായിരുന്നു. ചുരുക്കത്തിൽ നാലു ഭാഗത്തുനിന്നും എതിർപ്പിന്റെ കൊടുങ്കാറ്റു വീശിയിരുന്നു. ജനങ്ങൾ അദ്ദേഹത്തിന് നല്ലപോലെ മനസ്സിലാക്കികൊടുക്കാൻ ശ്രമിച്ചു.

ചിലർ സുഹൃത്തുക്കളായി വന്ന് പറഞ്ഞു, 'നിങ്ങൾ നിങ്ങളുടെ വാദങ്ങളിൽ കുറച്ച് കുറവുവരുത്തുക.' ചിലർ പറഞ്ഞു, 'നിങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾ ഒഴിവാക്കിയാൽ എല്ലാവരും നിങ്ങളുടെ ജമാഅത്തിൽ ചേരുന്നതാണ്.' എന്നാൽ, അദ്ദേഹം അവരുടെ ആരുടെ കാര്യവും ഗൗനിച്ചില്ല. എപ്പോഴും തന്റെ വാദങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അതിൽ ബഹളമുണ്ടായി.

മർദ്ദനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു.

കൊലപാതകങ്ങൾ നടന്നുകൊണ്ടിരുന്നു. എല്ലാ എതിർപ്പുമുണ്ടായിട്ടും അദ്ദേഹത്തിന് പോരാടി. അദ്ദേഹത്തിന്റെ പക്കൽ ഭൗതികമായനിലയിൽ ഒരു ശക്തിയോ ബാഹ്യമായി ആയുധമോ ഇല്ലാതിരുന്നിട്ടും അദ്ദേഹം അവരെ എതിരിട്ടു. എന്നല്ല എനിക്ക് നല്ല ഓർമയുണ്ട്. ഞാൻ പലതവണ ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നത് കേട്ടിട്ടുണ്ട്. നബിയുടെ ഉദാഹരണം ജനങ്ങൾ ഒരു സ്ത്രീയെപറ്റി പറഞ്ഞതുപോലെയാണ്. ഒരു ഗ്രാമത്തിൽ ഒരു സ്ത്രീയുണ്ടായിരുന്നു. ബുദ്ധിഭ്രമമുള്ളവളായിരുന്നു. അവർ പുറത്തിറങ്ങുമ്പോൾ ചെറിയ ചെറിയ കുട്ടികൾ ഒരുമിച്ചുകൂടി അവരെ പരിഹസിച്ചിരുന്നു. അവരെ കളിയാക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നു. കൂടെക്കൂടെ ബുദ്ധിമുട്ടിച്ചിരുന്നു. അവരും അതിനെതിരിൽ കുട്ടികളെ ശകാരിക്കുകയും ശപിക്കുകയും ചെയ്തിരുന്നു. അവസാനം ഗ്രാമവാസികൾ ഒരുമിച്ചുകൂടി ആലോചന നടത്തി. ഈ സ്ത്രീ ദ്രോഹിക്കപ്പെടുകയാണ്. നമ്മുടെ കുട്ടികൾ അനാവശ്യമായി അവരെ ദ്രോഹിക്കുന്നു. ദ്രോഹിക്കപ്പെടുന്ന അവസ്ഥയിൽ അവർ കുട്ടികളെ ശപിക്കുകയും ചെയ്യുന്നു. ഈ ശാപവചനം സ്വീകരിക്കപ്പെടാതിരിക്കാൻ നമുക്ക് നമ്മുടെ കുട്ടികളെ ഇതിൽ നിന്ന് തടയാം. പിന്നീട് അവർ ശപിക്കുകയുമില്ല. അങ്ങനെ കൂടിയാലോചിച്ചശേഷം ഗ്രാമവാസികൾ തങ്ങളുടെ മക്കളെ വീടുകളിൽത്തന്നെ അടക്കിനിർത്തണമെന്നും പുറത്തിറങ്ങാൻ വിടരുതെന്നും അവർ തീരുമാനിച്ചു. അടുത്ത ദിവസം ജനങ്ങൾ തങ്ങളുടെ മക്കളോട് പറഞ്ഞു, ഇന്നു മുതൽ നിങ്ങൾ പുറത്തിറങ്ങരുത്. കൂടുതൽ മുൻകരുതലെന്ന നിലയിൽ പുറത്തെ വാതിലുകളിൽ ചങ്ങലയിടുകയും ചെയ്തു. അടുത്ത ദിവസം പുലർന്നപ്പോൾ ആ ബുദ്ധിഭ്രമമുള്ള സ്ത്രീ വീടിന് പുറത്തിറങ്ങി. കുറച്ചു സമയം അവിടേയും ഇവിടേയും അലഞ്ഞുനടന്നു. ചിലപ്പോൾ ഏതെങ്കിലും ഇടവഴിയിൽ പോകും. ചിലപ്പോൾ മറ്റൊരു വഴിയിൽ പോകും. പക്ഷേ, ഒരു കുട്ടിയേയും കണ്ടില്ല. നേരത്തെ കുട്ടികൾ ഒരാൾ അവരുടെ മുടിയിൽ പിടിച്ചുവലിച്ചിരുന്നു. ഒരാൾ പിച്ചുന്നു. മറ്റൊരാൾ ഉന്തുന്നു. വേറൊരാൾ കൈയിൽ തൂങ്ങുന്നു. മറ്റൊരാൾ കളിയാക്കുന്നു. പക്ഷേ, ഇന്ന് അവർക്ക് ഒരു കുട്ടിയേയും കാണാൻ കഴിഞ്ഞില്ല. ഉച്ചവരെ അവർ കാത്തിരുന്നു. അവരൊരാളും ഒരു കുട്ടിയേയും വീട്ടിൽനിന്ന് പുറത്തുവിട്ടില്ല. അപ്പോൾ അവർ കടകളിൽ പോയി. ഓരോ കടയിലും പോയി പറഞ്ഞു. ഇന്ന് നിങ്ങളുടെ വീട് നിലംപതിച്ചോ, നിങ്ങളുടെ കുട്ടികൾ മരിച്ചുപോയോ? എന്തുപറ്റി ആരേയും കാണുന്നില്ലല്ലോ? ഇങ്ങനെ കടകളിൽ കയറി പറയാൻ തുടങ്ങിയപ്പോൾ ജനങ്ങൾ പറഞ്ഞു, ഇപ്പോഴും ശകാരിക്കുകയാണല്ലോ. ഇപ്പോഴും ശപിക്കുകയും ചെയ്യുന്നു. കുട്ടികൾ ശല്യം ചെയ്യുമ്പോഴും ഇങ്ങനെ തന്നെയാണ് ഇവർ കാണിച്ചുകൊണ്ടിരുന്നത്. അതുകൊണ്ട് കുട്ടികളെ തുറന്നുവിടാം. എന്തിനാണ് അടച്ചുവെച്ചിരിക്കുന്നത്? ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്[അ] ഈ കഥ വിവരിച്ചുകൊണ്ടു പറയുന്നു: പ്രവാചകന്മാരുടെ അവസ്ഥയും ഇതുപോലെതന്നെയാണ്. ലോകം അവരെ പരിഹസിക്കുകയും ആക്രമിക്കുകയും ചെയ്യുന്നു. എത്രമാത്രം ദ്രോഹിക്കുന്നുവെന്നാൽ ജീവിതംതന്നെ ദുഷ്കരമായിത്തീരുന്നു. ഇക്കൂട്ടർ അക്രമം പ്രവർത്തിക്കുകയാണെന്ന വിചാരം ഒരു വിഭാഗം ആളുകളുടെ മനസ്സിലുണ്ടാകുന്നു. പക്ഷേ, അവർ അങ്ങനെ പാടില്ലാത്തതാണ്. എന്നാൽ, അവിടന്ന് പറഞ്ഞു: പ്രവാചകന്മാർക്കും ലോകത്തെ ഉപേക്ഷിക്കാൻ കഴിയില്ല. ജനങ്ങൾ അവരെ ബുദ്ധിമുട്ടിക്കുന്നില്ലെങ്കിൽ അവർ സ്വയം അതിനുണർത്തുകയും സന്ദേശം നൽകുകയും ഏതെങ്കിലും കാര്യം പറയുകയും തബ്‌ലീഗിലേക്ക് കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യുന്നു; ലോകം അവരിലേക്ക് ശ്രദ്ധിക്കാനും അവർ പറയുന്ന കാര്യങ്ങൾ കേൾക്കാനും വേണ്ടി!' *(ഖുത്ബാത്തെ മഹ്മൂദ് വാല്യം 24, പേജ് 272-274)*

പ്രവാചകന്മാരുടെ കാർക്കശ്യത്തെ സംബന്ധിച്ച് പറയപ്പെടുന്നുണ്ട്. അവരെന്തിനാണ് കാർക്കശ്യം കാണിക്കുന്നതെന്ന്!

ഇതു സംബന്ധമായും അദ്ദേഹം പറഞ്ഞു: പ്രവാചകന്മാർ കാർക്കശ്യത്തോടെ പറയുന്നത് അവരുടെ അസ്തിത്വത്തിനു വേണ്ടിയല്ല. മറിച്ച് അല്ലാഹുവിന്റെ സ്ഥാനം സ്ഥാപിക്കാൻ വേണ്ടിയാണ്. എപ്പോഴെങ്കിലും കാർക്കശ്യം കാണിക്കുകയാണെങ്കിൽ അത് അഭിമാനം കാണിക്കുമ്പോഴാണ് അതുണ്ടാകുന്നത്. അതേ സമയം സ്വന്തം അസ്തിത്വത്തെ പറ്റി അവർ തികച്ചും വിനയാന്വിതരാണ്. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ഒരു സംഭവം വിവരിക്കുന്നു: ഒരിക്കൽ ലാഹോറിലെ ഒരു ഇടവഴിയിൽ ഒരാൾ അദ്ദേഹത്തെ തള്ളുകയും അദ്ദേഹം നിലത്തുവീഴുകയുമുണ്ടായി. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവർക്ക് ദേഷ്യം വരികയും അയാളെ അടിക്കാൻ ഒരുങ്ങുകയും ചെയ്തു. എന്നാൽ, അദ്ദേഹം പറഞ്ഞു: 'അയാൾ തന്റെ ആവേശത്തിൽ സത്യത്തെ സഹായിക്കാനാണ് അങ്ങനെ ചെയ്തത്. അയാൾ മൗലവിമാരുടെ വർത്തമാനംകേട്ട് അതായത് മിർസാ സാഹിബ് വ്യാജവാദിയാണെന്ന് പറുന്നതുകേട്ട് തന്റെ പ്രതികാരം ചെയ്തതാണ്. അയാളുടെ സത്യസന്ധത കാരണമാണ് അയാൾ അങ്ങനെ ചെയ്തത്. അയാളെ ഒന്നും പറയേണ്ട.' ചുരുക്കത്തിൽ പ്രവാചകന്മാർ തങ്ങൾക്കു വേണ്ടി ഒന്നും പറയുന്നില്ല. മറിച്ച് അല്ലാഹുവിന്റെ അന്തസ്സ് സ്ഥാപിക്കാൻ വേണ്ടിയാണ് സംസാരിക്കുന്നത്.

അതുകൊണ്ട് അല്ലാഹുവിന്റെ പ്രവാചകന്മാരും അങ്ങനെതന്നെയാണ് ചെയ്യുന്നതെന്ന് കരുതരുത്. അതായത് എപ്പോഴെങ്കിലും അവരും കാർക്കശ്യം കാണിക്കുമെന്ന്! അവരും സാധാരണക്കാരും തമ്മിൽ വലിയ അന്തരമുണ്ട്. അവർ അല്ലാഹുവിനുവേണ്ടിയാണ് ചെയ്യുന്നത്. സാധാരണക്കാർ തങ്ങൾക്ക് വേണ്ടിയാണ് ചെയ്യുന്നത്. ആർക്കെങ്കിലും ഇങ്ങനെ ചിന്തയുണ്ടെങ്കിൽ, അവരെ ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: 'ഞാൻ സത്യത്തിൽ ദുർബലനാണെങ്കിൽ അത്തരം വ്യക്തി വഴികേടിലാകുകയില്ല.' അവൻ തന്റെ ദൗർബല്യത്തിലേക്ക് ദൃഷ്ടിപതിപ്പിക്കുന്നതായിരിക്കും. അല്ലാഹുവിനോട് സഹായം തേടുന്നതായിരിക്കും. 'താൻ സത്യത്തിലാണെന്ന് ദൃഢമായും വിശ്വസിക്കുന്ന മനുഷ്യനിൽ അഹങ്കാരമുണ്ടാകുകയും അയാൾ നാശമടയുകയും ചെയ്യുന്നു.'

അതിനാൽ നമ്മൾ പ്രവാചകന്മാരുടെ ചരിത്രത്തെ ഉൾക്കൊണ്ടുകൊണ്ട് എപ്പോഴും വിനയം പ്രകടിപ്പിക്കേണ്ടതാണ്. ഇതാണ് തിന്മയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം. ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ഒരു ഉദ്ധരണിയുണ്ട്: ഹദ്റത്ത് മുആവിയായുടെ നമസ്കാരത്തെ പറ്റിയുള്ള സംഭവം ഹദ്റത്ത് മസീഹ് മൗഊദ്[അ] വിവരിക്കാറുണ്ട്. ഒരിക്കൽ അദ്ദേഹത്തിന് സ്വുബ്ഹി നമസ്കാരം ഖളാ ആയി. എന്നാൽ, ഇതുകാരണം അദ്ദേഹം അധഃപതനത്തിലേക്ക് പോയില്ല. അഭിവൃദ്ധി പ്രാപിക്കുകയാണ് ചെയ്തത്. ശയ്ത്വാന് അദ്ദേഹത്തിനുമേൽ ആധിപത്യം നേടാൻ കഴിഞ്ഞില്ല. മറിച്ച് അദ്ദേഹം അല്ലാഹുവിന്റെ സാമീപ്യവും കരസ്ഥമാക്കാൻ പരിശ്രമിച്ചു. അതുകൊണ്ട് തിന്മയെപ്പറ്റി ബോധമുള്ള ആൾ തിന്മയിൽനിന്ന് രക്ഷപ്പെടുന്നു. തിന്മയെപ്പറ്റി ബോധമില്ലെങ്കിൽ മനുഷ്യൻ തിന്മയിൽ അകപ്പെട്ടുപോകുന്നു. വിശ്വാസി, എന്നതിൽ ചിന്തിക്കേണ്ടതാണ്. താൻ പ്രയാസങ്ങളിൽനിന്ന് സുരക്ഷിതനല്ലെന്ന് മനസ്സിലാക്കണം. അല്ലാഹുവിന്റെ ശബ്ദം അവനോട് പറയുമ്പോൾ മാത്രമേ അവൻ സുരക്ഷിതനാകുകയുള്ളൂ. അതുകൊണ്ട് മനുഷ്യൻ തന്റെ നഫ്സിന്റെ ദൗർബല്യങ്ങളുടെ കണക്കെടുപ്പ് നടത്തേണ്ടതാണ്. അങ്ങനെയുള്ളവർക്കുവേണ്ടി ആത്മീയതയുടെ മാർഗങ്ങൾ തുറക്കപ്പെടുന്നു. അവർ

ശേഷം പേജ് 9 ൽ

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 15 പേജ് 8, കോളം 3-ൽനിന്ന്)

**ഒരു വിദ്യാർഥി അദീൽ അഹ്മദ് ബാജ്‌വ:** 2015-ൽ പാക്കിസ്താനിലെ ടോബാ ടേക് സിംഗിൽ നിന്നു ഞാൻ ജർമനിയിൽ വന്നു. ഞാൻ ദുആക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നു.

**ഹുദൂർ:** അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഹുദൂർ വാത്സല്യത്തോടെ പറഞ്ഞു: ആരോഗ്യവാൻ എഴുന്നേറ്റുനില്ക്കുക! അപ്പോൾ ഒരു വിദ്യാർഥി എഴുന്നേറ്റു നിന്നു.

**ഹുദൂർ:** ഇതിന്റെ അർഥം താങ്കളെക്കാൾ കൂടുതൽ ആരോഗ്യവാൻ ജാമിഅയിൽ മറ്റാരുമില്ലെന്നാണ്. കാരണം, ഞാൻ ആരോഗ്യവാനെന്നാണ് പറഞ്ഞത്. താങ്കൾ എഴുന്നേറ്റ് നില്ക്കുകയും ചെയ്തു.

**ഒരു വിദ്യാർഥി:** മർദാനിലാണ് ഞാൻ ജനിച്ചത്. 2014-ൽ ജർമനിയില് വന്നു. എന്റെ രണ്ടര വയസ്സുള്ള മകൾക്കുവേണ്ടി ദുആക്കപേക്ഷിക്കുകയാണ്.

**ഹുദൂർ:** സേട്ടുമാരുമായി നിങ്ങൾക്ക് കുടുംബ ബന്ധമുണ്ടോ. അതോ ശയ്ഖുമാരുമായിട്ടാണോ?

**വിദ്യാർഥി:**എന്റെ മാതാവിന്റെ ബന്ധുക്കളാണവർ.

**ഹുദൂർ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:** നല്ലതുതന്നെ! അതുകൊണ്ടാണ് സ്വല്പം ആരോഗ്യവാനായി കാണുന്നത്.

പ്രോഗ്രാമിനുശേഷം ഗ്രൂപ്പ് ഫോട്ടോ എടുക്കലുമുണ്ടായിരുന്നു. ജാമിഅയിലെ ഓരോ ക്ലാസിലെ കുട്ടികളും ഹുദൂറുമൊത്ത് ഊഴമനുസരിച്ച് ഫോട്ടോ എടുത്തു സായൂജ്യരായി. അധ്യാപകരും ഇതര ഉദ്യോഗസ്ഥരും വെവ്വേറെ ഗ്രൂപ്പുകളായി ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. ഒടുവിൽ ജാമിഅയിലെ എല്ലാ വിദ്യാർഥികളും ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്തു.

തുടർന്ന് ഹുദൂർ പ്രിൻസിപ്പാളിന്റെ ഓഫീസ്, മറ്റുള്ള ഓഫീസുകൾ, സ്റ്റാഫു റൂമുകൾ, ക്ലാസുറൂമുകൾ തുടങ്ങിയ പരിശോധിച്ചു. ക്ലാസ് മുറികൾ പരിശോധിക്കുന്നതിന്നിടയിൽ ഹുദൂർ പറഞ്ഞു:ക്ലാസുറൂമിലെ മേശ ശരിയല്ല. അതിനുമേൽ കൈവച്ച വിദ്യാർഥികളുടെ കൈകൾ ക്ഷീണിച്ചുപോയിട്ടുണ്ടാകും. ഡെസ്ക് രൂപത്തിലുള്ള മറ്റു മേശകൾ തയ്യാറാക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഫോട്ടോകളെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'പുതിയ നിർദേശമനുസരിച്ച് ഫോട്ടോകൾ വെക്കുക.'

ഇന്നത്തെ പ്രോഗ്രാമിൽ അധ്യാപകരുടേയും ഉദ്യോഗസ്ഥരുടേയും കുടുംബങ്ങളും ക്ഷണിക്കപ്പെട്ടിരുന്നു. അവർക്കുള്ള ഭക്ഷണത്തിന്റെ ഏർപ്പാട് ഡൈനിംഗ് ഹാളിലാണ് ചെയ്തിരുന്നത്. കുറച്ച് സമയത്തേക്ക് ഹുദൂർ ലജ്നകളേയും സന്ദർശിച്ചു. തുടർന്ന് ഹുദൂർ ജാമിഅയുടെ കിച്ചണും സ്റ്റോറും കൂൾഹൗസ്സും(Cool House) പരിശോധിച്ചു. കിച്ചണിൽ ശുദ്ധമായ വായു ലഭിക്കുന്നതിനുള്ള എക്സ്ഹോസ്റ്റ് ഫാൻ(Exhaust Fan) സംവിധാനവും ഹുദൂർ പരിശോധിച്ചു. മെസ്സിന്റെ ചുമതല വഹിക്കുന്ന ഹഫീള്ളുള്ളാഹ് ഭർവാന സാഹിബിന് ഹുദൂർ നിർദേശങ്ങൾ നല്കി. കിച്ചണിൽ പ്രവൃത്തിക്കുന്നവർക്ക് ഭക്ഷണ സംബന്ധമായുളള ചില നിർദ്ദേശങ്ങളും നല്കി.

കിച്ചൺ പരിശോധനക്കുശേഷം ഹുദൂർ ജാമിഅയുടെ ലൈബ്രറി പരിശോധിച്ചു. ലൈബ്രറിയിൽ നിലവിലുള്ള പുസ്തകങ്ങളുടെ എണ്ണത്തെ കുറിച്ച് ഹുദൂർ ചോദിച്ചറിഞ്ഞു.

**മുഹമ്മദ് ഇൽയാസ് മുനീർ:** അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലൈബ്രറിയിൽ ഏകദേശം 15000 ഗ്രന്ഥങ്ങളുണ്ട്. ഉൽഘാടന സമയത്ത് ഇവിടെ മൂവായിരത്തിനും നാലായിരത്തിനുമിടയിലാണ് ഗ്രന്ഥങ്ങളുണ്ടായിരുന്നത്.

ഹദീഥുഗ്രന്ഥങ്ങൾ വിശിഷ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച സ്വഹീഹ് ബുഖാരി, സ്വഹീഹ് മുസ്‌ലിം, ഖുത്ബാത്തെ മസ്റൂർ എന്നീ ഗ്രന്ഥങ്ങളുടെ വാള്യങ്ങൾ ഹുദൂർ പരിശോധിച്ചു. ഇവ അപ്ഡേറ്റു ചെയ്യാനും ഹുദൂർ നിർദേശിച്ചു.

ലൈബ്രറി പരിശോധനക്കുശേഷം ഹദൂർ 4.50-ന് ജാമിഅയിൽനിന്നു ബയ്ത്തുസ്സുബൂഹിലേക്ക് മടങ്ങി. വിദ്യാർഥികൾ യാത്രയയപ്പ്-പ്രാർഥനാ ഗാനങ്ങളാലപിച്ചുകൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ യാത്രയാക്കി. ഏകദേശം 50 മിനിറ്റ് യാത്രയ്ക്കു ശേഷം 04.50-ന് ബയ്ത്തുസ്സുബൂഹിലെത്തി. ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു.

ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തിയിൽ വ്യാപൃതനായി. ശേഷം 08.00 മണിക്ക് മഗ്രിബ് - ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

### 2019 ഒക്ടോബർ 16 ബുധനാഴ്ച

രാവിലെ 07.00 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. ഇന്നു മുതലാണ് സ്വുബ്ഹി നമസ്കാരം 6.50-ൽനിന്ന് 07.00 മണിയിലേക്ക് മാറ്റിയത്. നമസ്കാരശേഷം ഹുദൂർ ഓഫീസു സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. ആവശ്യമായ നിർദേശങ്ങൾ നല്കി.

### ജർമനി ഖളാ ബോർഡ്

11.10-ന് മസ്ജിദിലെ പുരുഷന്മാരുടെ ഹാളിൽ ഹുദൂറിന്റെ സാന്നിധ്യത്തിൽ അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ ഖളാ ബോർഡ് മീറ്റിംഗ് നടന്നു. ഹുസൂർ തുടക്കമിട്ടു.

**ഹുദൂർ പറഞ്ഞതനുസരിച്ച് സ്വദ്ർ സാഹിബ് ഖളാ ബോർഡ്:** ഖാളിമാരുടെ എണ്ണം 41 ആണ്. അവരിൽ ഖാളി അവ്വൽ 21 ഉം ഖളാ ബോർഡ് അംഗങ്ങൾ 16 ഉം ആണ്. 21 ഖാളിമാരിൽ ഒരാളും ബോർഡ് അംഗങ്ങളല്ല.

**ഹുദൂർ:** ഖളാ അവ്വലിൽ എത്ര കേസുകളുണ്ട്?

**നാളിം ഖളാ:** 21 ഖാളിമാരുടെ അടുക്കൽ ഈ സമയത്ത് 40 കേസുകളുണ്ട്. മുറാഫഅ(അപ്പീൽ) ഊലായിൽ മൂന്ന് കേസുകളുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹ് ത്വലാഖ്, ഖുൽഅ് കേസുകളെ കുറിച്ച് വളരെ വിശദമായി വിലയിരുത്തി. റിപ്പോർട്ടനുസരിച്ച് 1990-ൽ 7 കേസുകളാണ് ഉണ്ടായിരുന്നത്. 2018-ൽ ഇത് 151 ആയി.

**ഹുദൂർ:** അമീർ സാഹിബും സെക്രട്ടറി തർബിയ്യത്തും ഉത്തരവാദികളാണ്. കൂടാതെ ലജ്ന, ഖുദ്ദാം, അൻസ്വാർ എന്നിവരും പ്രവൃത്തിക്കേണ്ടതുണ്ട്. എല്ലാ ശാഖാ സംഘടനകളും പ്രവൃത്തിച്ചിരുന്നെങ്കിൽ ഇത്രയധികം കേസുകൾ ഉണ്ടാകുമായിരുന്നില്ല. ഇവിടെ വന്ന് വിദ്യാഭ്യാസത്തിന്റെ ആഭരണത്താൽ വിഭൂഷിതരായി. ഫലം പുറത്തുവരുന്നതോ, അജ്ഞത വർധിക്കുന്നു. പെൺകുട്ടികൾ പഠിക്കുന്നു. ബുദ്ധി ഉയരുകയും ചെയ്യുന്നു. എല്ലാ രണ്ടാമത്തെ കേസും ഖുൽഅ്ന്റേതാണ്.

ഒരു ഗ്രാഫിന്റെ രൂപത്തിൽ ഹുദൂറിന്റെ സന്നിധിയിൽ ഇതു സംബന്ധമായ റിപ്പോർട്ട് സമർപ്പിച്ചു. ഇതനുസരിച്ച് 2000-ൽ 19 ഖുൽഅ് കേസുകളും 9 ത്വലാഖു കേസുകളുമുണ്ടായിരുന്നു.10 വർഷത്തിനു ശേഷം 2010-ൽ 80 ഖുൽഅ് കേസുകളും 17 ത്വലാഖു കേസുകളുമുണ്ടായിരുന്നു. പിന്നീട് 8 വർഷത്തിനു ശേഷം 2018-ൽ 84 ഖുൽഅ് കേസുകളും 42 ത്വലാഖു കേസുകളുമായി അതുയർന്നു.

ഹുദൂർ: 2018ൽ ആൺകുട്ടികളുടെ ബുദ്ധിയും മോശമായി. ഇപ്പോൾ ആൺകുട്ടികളുടെ തെറ്റുകൾ കൂടിയിരിക്കുന്നു. മാതാപിതാക്കൾ പറഞ്ഞതു പ്രകാരമാണ് വിവാഹംകഴിച്ചതെന്നും തനിക്ക് ഇന്ന പെൺ കുട്ടിയെയായിരുന്നു ഇഷ്ടമെന്നും വിവാഹശേഷം ഇവർ പറയുന്നു. അമീർ സാഹിബ്, സെക്രട്ടറി തർബിയ്യത്ത്, മുറബ്ബിമാർ ശിക്ഷണപരമായപ്രവൃത്തികൾ നിർവഹിക്കുക. പെൺകുട്ടിയെ ഇഷ്ടമല്ലായിരുന്നെങ്കിൽ അവളുടെ ജീവിതം എന്തിനാണ് തകർത്തത്? ഇന്ന പെൺകുട്ടിയുമായി വിവാഹ ബന്ധം വേണമെന്ന് ചില ആൺകുട്ടികൾ വിവാഹത്തിനു മുമ്പേ പറയാറുണ്ട്. എന്നാൽ, മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങുകയും അവരുടെ ഇഷ്ടമനുസരിച്ച് വിവാഹം കഴിപ്പിക്കുകയും ചെയ്യുന്നു. ആറുമാസമോ ഒരു വർഷമോ കഴിഞ്ഞ് കുട്ടിയായി കഴിയുമ്പോൾ ഭാര്യയെ ഉപേക്ഷിക്കുന്നു. ശിക്ഷണ വിഭാഗം വളരെയധികം ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഏതെങ്കിലും സ്ത്രീ ഖളായിൽ പോകുമ്പോൾ അവരോടൊപ്പം സഹായിക്കാൻ ഒരു സ്ത്രീയുംകൂടി വരേണ്ടതാണ്. സഹായിക്കാൻ ഒപ്പം വരുന്ന വക്കീലായാലും മറ്റേതുസ്ത്രീയായാലും അതിന് അനുവാദമുണ്ട്.

'ഖാളി സാഹിബാൻ അവ്വൽ' ഉയർത്താറുള്ള ചില ചോദ്യങ്ങൾ ഒഴിവാക്കേണ്ടതാണ്. ഭർത്താവ് രാത്രി എത്ര മണിക്കാണ് വന്നതെന്നും എത്ര സമയം ചെലവഴിച്ചുവെന്നും മറ്റുമുള്ള തലതിരിഞ്ഞ ചോദ്യങ്ങൾ തികച്ചും അനാവശ്യവും ബുദ്ധിശൂന്യവുമായ പ്രവൃത്തിയാണ്. നിങ്ങളുടെ ഖാളിമാർക്ക് ട്രെയിനിംഗ് നല്കേണ്ടതാണ്. യുക്തമായ ചോദ്യങ്ങൾ മാത്രം ചോദിക്കുക. നിയമത്തിന്റെ ഉള്ളിൽനിന്നു കൊണ്ട് ആദ്യം സംസ്കരണ പ്രവൃത്തി നിർവഹിക്കുന്നതിന് ഇരു വിഭാഗത്തിനും ഓരോ ഹകമിനെ നിശ്ചയിക്കുക. എന്നു മാത്രമല്ല, ആദ്യം അമീർസാഹിബും തർബിയ്യത്ത് വിഭാഗവും സംസ്കരണത്തിന് ശ്രമിക്കേണ്ടതാണ്.

നബി(സ)തിരുമേനിയുടെ അടുക്കലും ഒരു 'ഖുൽഅ്കേസ്' വന്നിരുന്നു. ചില സവിശേഷ കാര

ണങ്ങളാൽ ഒപ്പം താമസിക്കാൻ തനിക്ക് സാധിക്കില്ലെന്നും ഇഷ്ടമല്ലെന്നും പറഞ്ഞുകൊണ്ട് സ്ത്രീ തന്റെ പ്രശ്നം അവതരിപ്പിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'അവൻ നിങ്ങൾക്കു നല്കിയ മഹർ തിരിച്ചു നല്കിയേക്കുക.' സ്ത്രീ പറഞ്ഞു: 'ഞാനതിന്റെ ഇരട്ടി നല്കുന്നതാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'ശരി, കൊടുത്തേക്കുക.' ഇതാണ് ഖുൽഅ്ന്റെ കേസ്. ഖാളിമാർ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾക്ക് മറുപടി നല്കുക അസാധ്യമാണെന്ന് ചില പെൺകുട്ടികൾ എനിക്കെഴുതുന്നുണ്ട്. അത്തരം ചോദ്യങ്ങൾ ബുദ്ധിശൂന്യമായ പ്രവൃത്തിയാണ്.

മേൽക്കോടതിയിലേക്ക് അയക്കപ്പെടുന്ന കേസുകളെ സംബന്ധിച്ചും ഹുദൂർ അന്വേഷിച്ചു.

**നാളിം ഖളാ**: 17 കേസുകൾ ഞങ്ങളയച്ചിരുന്നു. 8 വിധികളിൽ മേല്ക്കോടതി മാറ്റം വരുത്തി. 9 എണ്ണത്തിൽ മാറ്റം വരുത്തിയിട്ടില്ല. കീഴ്ക്കോടതിയുടെ വിധി നിലനിറുത്തി.

**ഹുദൂർ**: മേൽക്കോടതി വിധിമാറ്റാൻ കാരണമായിതീർന്ന കാരണങ്ങൾ താങ്കൾ കണ്ടിട്ടുണ്ട്. ഇക്കാര്യം നിങ്ങൾ നോക്കേണ്ടതാണ്. അതുമൂഖേന ഖാളിമാർക്ക് ട്രെയിനിംഗ് കൊടുക്കാൻകഴിയും. ഇന്ന കാരണത്താലാണ് തന്റെ വിധി മാറ്റിയതെന്ന് ഖാളിമാരെ ബോധ്യപ്പെടുത്തുക.

നിങ്ങളുടെ ഖാളിമാരുടെ ട്രെയിനിംഗ് നടത്താറുണ്ടോ? അവർക്കുവേണ്ടി റഫ്രഷർ കോഴ്സ് നടത്താറുണ്ടോ. തന്മൂലം ഖാളിമാരുടേയും മേൽക്കോടതിയുടേയും സമയനഷ്ടം ഒഴിവാക്കാൻ സാധിക്കുന്നതാണ്.

ഹുദൂർ നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖളാപരമായ വിധികൾ പ്രസിദ്ധികൃതമായിട്ടുണ്ട്. അത് എല്ലാവർക്കും നല്കുക. ബാക്കിഭാഗവും പ്രസിദ്ധീകരിക്കുന്നതായിരിക്കും. അതും നല്കുക. നിങ്ങളുടെ ലൈബ്രറിയിൽ ഇത് വേണ്ടതാണ്.

ഹുദൂർ പറഞ്ഞു: എനിക്ക് വേഗം വേഗം വിധികൾ കിട്ടണമെന്നതാണ് വസ്തുത. ഓരോ മൂന്ന് മാസം കൂടുന്തോറും അക്കാലത്തുണ്ടായ ഖുൽഅ്, ത്വലാഖ് കേസുകൾ ഉണ്ടായതിന്റെ കാരണവും ഇതെങ്ങെനെ ഒഴിവാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുന്ന റിപ്പോർട്ട് എനിക്കയച്ചു തരിക. റിപ്പോർട്ട് തയ്യാറാക്കി അമീർ സാഹിബിനും കൊടുക്കുക, എനിക്കും അയക്കുക. ഒരു മണിക്കൂർവരെ പരിഹാസം കേൾക്കാനുള്ള വിശാലത ഖാളിമാർക്ക് വേണ്ടതാണ്. കേസ് കേൾക്കുമ്പോൾ ഖാളിമാർക്ക് ദേഷ്യം വന്നാൽ അപ്പോൾ കേസ് കേൾക്കുന്നത് നിറുത്തിവച്ചിരിക്കുന്നുവെന്ന് അവരെ അറിയിക്കുകയും പുതിയ തിയതി നല്കുകയും ചെയ്യുക. ഒരാഴ്ചക്കുശേഷം വരാനോ അല്ലെങ്കിൽ ഖളായുടെ തലവനോട് കേസിന് മറ്റൊരു ഖാളിയെ നിശ്ചയിക്കാനോ പറയാവുന്നതാണ്.

**ഖളാ സ്വദ്ർ**: ഖാളി പക്ഷപാതിയാണെന്നും അതുകൊണ്ട് മറ്റാരെയെങ്കിലും നിശ്ചയിക്കാനും ചിലർ പറയാറുണ്ട്.

ഹുദൂർ: ഇരുവിഭാഗമാളുകളും സ്വയം ഊഹിക്കുകയാണ്.എന്നാൽ, ഖാളിക്ക് അങ്ങെനെയൊരു നിയ്യത്തൊന്നും ഉണ്ടാകില്ല. ഖാളി ഉയർത്തുന്ന ചോദ്യങ്ങളിൽനിന്നു ഇരുവിഭാഗവും സ്വയംമേവ ഫലമെടുത്തുകൊള്ളും.

**ഖളാസ്വദ്ർ**: ഞങ്ങൾ ഒരു ലഘുലേഖ തയ്യാറാക്കുന്നു. ഇരു വിഭാഗവും ഖളായിൽ വരുന്നതിനു മുമ്പേ തങ്ങളുടെ നിർബന്ധകടമകളും അവകാശങ്ങളും അറിയുന്നതിനുവേണ്ടി; ഖളായുടെ പ്രവർത്തന രീതിയെക്കുറിച്ചും അതിൽ വിവരങ്ങളുണ്ടാകണം.

**ഹുദൂർ**: ശരി, ലഘു ലേഘ തയ്യാറാക്കുക. ഇതിൽ ഇക്കാര്യവും രേഖപ്പെടുത്തേണ്ടതാണ്, സ്ത്രീയ്ക്ക് ഖളായിലേക്ക് വരുമ്പോൾ ഒപ്പം മറ്റൊരു സ്ത്രീയേയും കൊണ്ടു വരാവുന്നതാണ്. ഏതെങ്കിലും വക്കിലിനേയും കൂടെ കൊണ്ടുവരാവുന്നതാണ്. കേസ് വന്നാലുടൻ ഫൈലിൽ സ്വീകരിച്ചു ഈ ലഘുലേഖ വായിക്കാൻ നല്കുക.

വിവാഹം നടന്ന് മൂന്നുനാലുദിവസങ്ങൾക്കുള്ളിൽ വരുന്ന കേസുകൾ അതായത് ഖുൽഅ് വേണെന്നും ത്വലാഖ് കൊടുക്കുന്നുവെന്നും പറഞ്ഞു വരുന്ന കേസുകൾ അമീർ സാഹിബിനെ ഏല്പിക്കുക. അതിൽ ഉടനെ ഇടപെടാതിരിക്കുക.

ഹുദൂർ: എളുപ്പമുണ്ടാക്കുക എന്നതാണ് ഖളായുടെ പ്രവൃത്തി. വിധിയെ അംഗീകരിപ്പിക്കലോ അടിച്ചേൽപ്പിക്കലോ അല്ല. ദുആ ചെയ്തുകൊണ്ട് വിധി പറയേണ്ടതാണ്. വിധി പറയുന്നതിനു മുമ്പേ ഓരോ ഖാളിയും 2 റക്അത്ത് നഫൽ നമസ്കരിക്കേണ്ടതാണ്. അനുരഞ്ജനത്തിന് ശ്രമിക്കേണ്ടതാണ്. ആരുടേയും അവകാശങ്ങളെടുക്കാനോ ആർക്കും ശിക്ഷ നല്കാനോ ആയിരിക്കരുത്.

നടപടിക്രമങ്ങളെ കുറിച്ചും മറ്റും ചില വ്യവസ്ഥാപിതമായ മാർഗനിർദേശങ്ങൾ ഹുദൂർ നല്കി. എല്ലാ നിർദേശങ്ങളും രേഖപ്പെടുത്തി ആദ്യം പ്രൈവറ്റ് സെക്രട്ടറിക്ക് അയക്കുക. ശേഷം എല്ലാ ഖാളിമാർക്കും നല്കുക. നടപടികൾ സ്വീകരിക്കുക. ഖളാ അംഗങ്ങളുമായുള്ള ഹുദൂറിന്റെ ഈ മീറ്റിംഗ് 12 മണിവരെ നീണ്ടുനിന്നു.ഒടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു.

### കുടുംബപരമായ കൂടിക്കാഴ്ചകൾ (ആദ്യ സെഷൻ)

അതുകഴിഞ്ഞ് ഹുദൂർ ഓഫീസിൽ വന്നു. കുടുംബപരമായ കൂടിക്കാഴ്ചകൾക്ക് തുടക്കം കുറിച്ചു. രാവിലെത്തെ ഈ സെഷനിൽ 29 കുടുംബങ്ങളിൽനിന്നുള്ള 95 പേരും വ്യക്തിപരമായി 14 പേരുമാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തിയത്. ജർമനിയിലെ 28 ജമാഅത്തിൽ നിന്നുള്ളവരായിരുന്നു ഇവർ. ഇവരിൽ ചിലർ സുദീർഘയാത്ര ചെയ്ത് വന്നവരാണ്. ഓസ്നാബ്രൂക്കിൽ(Osnabruck) നിന്നു വന്നവർ 315 കിലോമീറ്ററും ഡ്രെസ്ഡെനിൽ(Dresden)നിന്നു വന്നവർ 450 കിലോമീറ്ററും യാത്ര ചെയ്താണെത്തിയത്. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുഞ്ഞങ്ങൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 1.40 വരെ നീണ്ടു നിന്നു.

### ആമീൻ പരിപാടി

02.05-ന് മസ്ജിദിന്റെ ലജ്നാ ഹാളിലെത്തിയ ഹുദൂർ ആമീൻ പരിപാടിക്ക് തുടക്കം കുറിച്ചു. താഴം പേരു പറയുന്ന കുട്ടികൾ പെൺകുട്ടികൾ വിശുദ്ധ ഖുർആനിൽനിന്ന് ഓരോ വചനം ഹുദൂറിനെ ഓതി കേൾപ്പിച്ചു. ഒടുവില് ദുആയും ചെയ്തു.

അസീസ തംഥീല അഹ്മദ്, അദൻ ഹഖ് റാണ, ശാഫിയ അഹ്മദ്, ഹിറാ അഹ്മദ്, ബാസിമ ഖാലിദ്, നായില റഹ്മാൻ, ആഇറ ഹാസ്‌ലീൻ ശാദ്, ഹഫ്സ്വാ ഇംറാൻ, ദുആ ചൗദരീ. മഹക് ശായിസ്ത അഹ്മദ്, ഇബ്രീശ് ബാജ്വ, ഈമാൻ ത്വാഹിർ, ഥനാ മുനവ്വർ, മിൻഹാൽ അഹ്മദ്, ഫാത്തിഹാ ഇഹ്സാൻ, യുംനാ അഹ്മദ്, യാസ്മീൻ മുഹമ്മദ്, മാഹിദ സഹർ ആരിഫ്, മർയം അഅ്വാൻ, മഹ് നൂർ ഫാത്വിമ, അബീറ അഹ്മദ്, അലീന ഇദ്‌രീസ്, ഫരീദ് അസദ്, അൻഗബീൻ നവാസ്, ഹഫ്സ്വ മഖ്സ്വൂദ്, നൂറാ അഹ്മദ്, അലീസ ജട്ടൂൾ, ഉർവാ ജട്ടൂൾ, മുനീഫ ഖാലിദ്, പലോശ അഹ്മദ്, സ്വബാഹ ഇംറാൻ, ഖാൻ ഹിബത്തുൽ വാരിഥ്, സ്വാലിഹ ഇനാം, അലീശാ ഖോഘർ, ലബീന ഇൽയാസ്.

തുടർന്ന് ഹുദൂർ മസ്ജിദിലെ പുരുഷന്മാരുടെ ഹാളിലേക്ക് മടങ്ങുകയും ള്വുഹ്ർ- അസ്വർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിക്കുകയും ചെയ്തു.

### കുടുംബപരമായ കൂടിക്കാഴ്ച – 2

വൈകുന്നേരം 6.15-ന് ഹുദൂർ ഓഫീസിലെത്തി. കുടുംബപരമായ കൂടിക്കാഴ്ചകൾക്ക് വീണ്ടും തുടക്കെ കുറിച്ചു. ഇന്നത്തെ ഈ സായാഹ്ന സെഷനിൽ 32 കുടുംബങ്ങളിൽ നിന്നുള്ള 111 അംഗങ്ങൾ പങ്കെടുത്തു. വ്യക്തിപരമായ 18 പേരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. ജർമൻ ജമാഅത്തുകളിലെ താഴെ പറയുന്ന സ്ഥലങ്ങളിൽനിന്നുള്ളവരാണ് ഇതിൽ പങ്കെടുത്തത്.

Ludenscheid, Trier, Weiterstadt. Mannheim, Rudesheim, Iselohn, Ginsheim, Wurzburg, Eppertshausen, Balingen, Frankfurt, Goddelau, Bensheimwest, Dietzenbzch, Al Tenstadt, Euskirchen, Ratingen,സ്റ്റട്ട് ഗാർഡ്, ഗ്രോസ്ഗെറൌ, ബാദൻ. ലൂഡെൻശീഡ്, ട്രൈയർ, വീറ്റർസ്റ്റാഡ്റ്റ്, മാൻ

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.'**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."** *(മൽഫൂദാത്ത് വാള്യം 1, പേജ് 64)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഹെയിം, റൂഡെഷെയിം, ഇസ്സോൺ, ഗിൻഷെയിം, വുർസ്ബർഗ്, എഷേർട്ട്ഷ്വാസൺ, ബാലിംഗൻ, ഫ്രാങ്ഫർട്ട്,ഗോഡ്ഡെലൗ, ബെൻഷെയിം വെസ്റ്റ്, ഡീറ്റ്സെൻബച്ച്, അൽട്ടെൻസ്റ്റാഡ്റ്റ്, യൂസ്കിർച്ചൻ, റാറ്റിൻഗെൻ, സ്റ്റട്ട് ഗാർഡ്, ഗ്രോസ്ഗെറൌ, ബാദൻ. ഈ ജമാഅത്തുകൾക്കു പുറമെ പാക്കിസ്താൻ സ്വിറ്റ്സർലാൻഡ്, കാനഡ, ഖാദിയാൻ എന്നിവിടങ്ങളിൽനിന്നു വന്ന അതിഥികളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവര്ക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യംലഭിച്ചു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം 08.10 വരെ നീണ്ടു നിന്നു.

## ആമീൻപരിപാടി

ആ പരിപാടിക്കുശേഷം ഹുദൂർ പമസ്ജിദിലെ പുരുഷന്മാരുടെ ഹാളിലെത്തി. ആൺ കുട്ടികളുടെ ആമീൻ പരിപാടിക്ക് തുടക്കം കുറിച്ചു. താഴെ പറയുന്ന 35 കുട്ടികൾ വിശുദ്ധ ഖുർആനിലെ ഓരോരോ ആയത്ത് ഓതുകയും ഹുദൂർ അത് കേൾക്കുകയും ഒടുവിൽ ദുആഇരക്കുകയും ചെയ്തു.

അസീസ് ആശിർ മഹ്മൂദ്, ആസിശ് അലി രിളാ, മുഹമ്മദു അബ്ദുല്ലാഹ്, റയ്യാൻ ഭട്ടി, ഹാരിഥ് മഹ്മൂദ്, ഫാരിസ് അഹ്മദ് അതീഖ്, നൂറുൽഹഖ് ശംസ്, വഖാസ് അഹ്മദ്, ചൗദ്ദരി ഫാതിഹ് അഹ്മദ്, നൂർ ഇസ്‌ലാം, മുഹമ്മദു മന്നാൻ ഗുൽ, അഹ്മദ് ഫൗസാൻ ത്വാഹിർ, കാശിഫ് മഹ്മൂദ്, കാഹ്ലോൺ കാശിഫ് ഇംറാൻ, വലീദ് അഹ്മദ് നായിക്, രോശൻ മൻസ്വൂർ, അദ്നാൻ ഉഥ്മാൻ അഹ്മദ്, മുഹമ്മദു ത്വൽഹ, മസ്റൂർ അഹ്മദ്, അയാൻ അഫ്ഫാൻ അഹ്മദ്, തംഥീൽ അഹ്മദ്, ദാനിയാൽ അഹ്മദ്, നബ്റാസ് അലി യൂസുഫ്, വലീദ് അഹ്മദ് ബാരി, ശയ്ഖ് അർസലാൻ, ലബീഖ് അഹ്മദ് നായിക്, ഫൗസാൻ മിർസാ, നസ്വീബ് അഹ്മദ്, റോഷാൻ അഹ്മദ്, അർസലാൻ മലിക്, മുഹമ്മദു ജാദിബ്, ദാനിശ് ഇക്റാം, മുഹമ്മദു ഇബ്റാഹീം, സദീദ് സാജിദ്, ഹാശിർ അഹ്മദ് മഹ്മൂദ്.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്രിബ്-ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു.

## 2019 ഒക്ടോബര് 17, വ്യാഴം

രാവിലെ 07.00 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് ഓഫീസിലെത്തി ഓഫീസ് സംബന്ധമായ കത്തുകളും സാധാരണ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു.

02.00 മണിക്ക് ള്വുഹ്ർ - അസ്വ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. ഉച്ച കഴിഞ്ഞും ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകി. വൈകുന്നേരം 06.15 - ന് ഓഫീസിലെത്തിയ ഹുദൂർ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച നടത്തി.

## കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

ഇന്ന് 35 കുടുംബത്തിൽനിന്നുള്ള 136 അംഗങ്ങൾ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ജർമനിയിലെ 28 ജമാഅത്തുകളിൽ നിന്നു വന്ന ഈ കുടുംബാംഗങ്ങളിൽ ചിലർ വളരെദൂര യാത്ര ചെയ്താണ് വന്നത്. ട്രയർ(Trier) ജമാഅത്തിൽ നിന്നു വന്നവർ 200 കിലോമീറ്ററും വെയ്ബിളിങ്കനിൽ (Waiblingen)നിന്നു വന്നവര് 215 കിലോമീറ്ററും കാസില് ജമാഅത്തിൽനിന്നു വന്നവർ 220 കിലോമീറ്ററും ഡ്യൂറനിൽ (Duren) നിന്നു വന്നവർ 250 കിലോമീറ്ററും ദൂരം യാത്ര ചെയ്താണെത്തിയത്. ആലൻ (Aalen)ജമാഅത്തിൽനിന്നു വന്നവർ 260 കിലോമീറ്ററും എബിൻജെൻ, ബോച്ചോൾട്ട്(Ebingen, Bocholt) ജമാഅത്തിൽനിന്നു വന്ന കുടുംബങ്ങൾ 300 കിലോമീറ്റർ ദൂരം താണ്ടിയാണെത്തിയത്. പാക്കിസ്താനിൽ നിന്നു വന്ന ഒരു കുടുംബവും ഇന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുട്ടികകൾക്ക് ചോക്ലേറ്റും നല്കി.

ഓരോ കുടുംബവും ഈ അനുഗൃഹീത നിമിഷങ്ങളിലൂടെ കടന്നു പോകുകയും സീമാതീതമായ അനുഗ്രഹം സ്വരുകൂട്ടിക്കൊണ്ട്, രോഗികൾ ശിഫായ്ക്കുവേണ്ടിയും മറ്റുള്ളവർ അവരുടെ വിഷമങ്ങൾ അകലുന്നതിനുവേണ്ടിയും ഹുദൂറിനോടു ദുആക്ക് അപേക്ഷിച്ചുകൊണ്ട് സമാധാനത്തോടെ സുസ്മേരവദനരായി പുറത്തേക്ക് വരികും ചെയ്തു.

വിദ്യാർഥി വിദ്യാർഥിനികൾ പഠനത്തിലും പരീക്ഷയിലും വിജയ പ്രാപ്തിക്ക് വേണ്ടി പ്രിയപ്പെട്ട ഇമാമിനോട് ദുആക്കപേക്ഷിച്ചു. ഓരോരരുത്തരും തങ്ങളുടെ പ്രിയങ്കരനായ ഇമാമിന്റെ ദുആകളിൽപങ്കുപറ്റി. *അൽഹംദുലില്ലാഹി അലാദാലിക്*. കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 8.00 മണിവരെ നീണ്ടുനിന്നു. തുടർന്ന് ഹുദൂർ ഓഫീസിൽ നിന്നു പുറത്തുവന്നപ്പോൾ ഗോവണിക്കരികെ ഒരു യുവാവിനെ സ്ട്രെച്ചറിൽകൊണ്ടുവന്നു. അദ്ദേഹം സിന്ധിലെ ആദരണീയനായ അബ്ദുശ്ശക്കൂർ സാഹിബ് കൻരിയുടെ മകൻ 32 വയസ്സുള്ള അത്വാഉൽ വാസിഅ് ആയിരുന്നു.17 വർഷങ്ങൾക്കുമുമ്പേ ഒരു അപകടത്തിൽ നെറ്റിയിടിച്ച് വീഴുകയും ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തിരുന്നു.കോമാവസ്ഥയിലുള്ള അദ്ദേഹത്തിന് സംസാരിക്കാനോ ചലിക്കാനോ സാധിക്കില്ല. വാത്സല്യത്തോടെ ഹുദൂർ സമീപത്തു നിന്നിരുന്ന അദ്ദേഹത്തിന്റെ മാതാവിനോടും സഹോദരനോടും രോഗാവസ്ഥ ചോദിച്ചറിഞ്ഞു. അലയ്സല്ലാഹു ബി കാഫിൻ അബ്ദുഹു(അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ) എന്ന് ആലേഖനം ചെയ്ത മോതിരം വാസിയിന്റെ മുഖത്ത് സ്പർശിക്കുകയും ദുആ ചെയ്യുകയും ചെയ്തു.

അതിനുശേഷം ഹുദൂർ മസ്ജിദിലേക്ക് വന്നു. മസ്ജിദും പരിസ്സരവും ഹുദൂറിന്റെ ഇമാമത്തിൽ നമസ്കരിക്കാന് വന്നവരെക്കൊണ്ട് നിറഞ്ഞിരുന്നു. 32 വയസ്സുള്ളഹുദൂർ നമസ്കരിപ്പിക്കുന്ന പ്രധാന ഹാളിനോടുചേർന്ന ഭാഗത്തുള്ള ആദ്യ സ്വഫിൽ വെച്ചിരുന്ന കസേരകൾ ഇമാമിനേക്കാളും മുമ്പിലാണെന്ന കാര്യം സംഘാടകരെ ഓർമിപ്പിക്കുകയും പിന്നിലേക്ക് മാറ്റാൻ നിർദേശിക്കുകയും ചെയ്തു. മഗ്രിബ് - ഇശാഅ് ജംഅ് ജമാഅത്തിന് ഹുദൂർ നേതൃത്വം നല്കി.

## 2019 ഒക്ടോബർ 18, വെള്ളിയാഴ്ച

രാവിലെ 07.00 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ വ്യാപൃതനായി.

ഇന്ന് ജുമുഅ ദിവസമായിരുന്നു. ഫ്രാങ്ക്ഫർട്ടിലെ ബയ്ത്തു സ്സബുഹിൽനിന്ന് 53 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഗീസെൻ(Giessen) നഗരത്തിലെ ഫെയർ ഹാളിലാണ് (Fair Hall) ജുമുഅ നമസ്കാരത്തിന് സൗകര്യം ചെയ്തിരുന്നത്. ഈ സ്ഥലത്തിന്റെ ആകെ വിസ്തീർണം 44 ആയിരം ചതുരശ്രമീറ്ററാണ്. അതിൽ 8750 ചതുരശ്രമീറ്റർ ഹാളിന്റെ രൂപത്തിലാണ്.ഇതിൽ ആകെ 7 ഹാളുകളുണ്ട്. ഇവിടെ വിവിധ പരിപാടികൾ നടക്കാറുണ്ട്.

ഇന്നത്തെ ജുമുഅ നമസ്കാരത്തിനുവേണ്ടി ജമാഅത്ത് 5 ഹാളുകൾ ഉപയോഗിക്കുന്നു. 2 ഹാളുകൾ പുരുഷന്മാർക്കുവേണ്ടിയും 3 ഹാളുകൾ സ്ത്രീകൾക്കു വേണ്ടിയും. ജർമനിയിലെ വിവിധ ജമാഅത്തുകളിൽ നിന്നു രാവിലേ മുതൽതന്നെ അഹ്മദീ സ്ത്രീ-പുരുഷന്മാര് ഇവിടെ എത്തിതുടങ്ങിയിരുന്നു. പ്രിയപ്പെട്ട ഹുദൂറിന്റെ ഇമാമത്തിൻകീഴിൽ ജുമുഅ നമസ്കരിച്ച് സായൂജ്യമടയുക എന്നതായിരുന്നു ഓരോരുത്തരുടേയും ആഗ്രഹം.

ജർമനിയിലെ 210 ജമാഅത്തുകളിൽനിന്നുള്ള അഹ്മദികൾ ഇവിടെയെത്തിയിരുന്നു. ചിലർ ദീർഘ ദൂരം യാത്ര ചെയ്താണെത്തിയത്. ഹെർഫോർഡ്(Herford) ജമാഅത്തിൽനിന്നു വന്നവർ 230 കിലോമീറ്ററും ആഖനിൽനിന്നു വന്നവർ 245 കിലോമീറ്ററും ഹാനോവറിൽ(Hannover) നിന്നു വന്നവർ 300 കിലോമീറ്ററും ഫ്രീബെർഗിൽ (Freiburg) നിന്നു വന്നവർ 330 കിലോമീറ്ററും ചെംനിറ്റ്സിൽ(Chemnitz) നിന്നു വന്നവർ 345 കിലോമീറ്ററും ഓഗസ്ബെർഗിൽ(Augsburg)നിന്നു വന്നവർ 420 കിലോമീറ്ററും ഹംബർഗിൽനിന്നു വന്നവർ 450 കിലോമീറ്ററും മഹ്ദിയാബാദിൽനിന്നു വന്നവർ 480 കിലോമീറ്ററും സിംബാച്ച് ആം ഇന്നിൽ(Simbach Am Inn) നിന്നു വന്നവർ 540 കിലോമീറ്റർ ദൂരം യാത്ര ചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽ ജുമുഅ നമസ്കരിക്കാനെത്തിയത്.

രജിസ്ട്രേഷൻ വകുപ്പിന്റെ കണക്കനുസരിച്ച് 5171 പേരാണ് ഈ ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കാനെത്തിയത്. ഉച്ചക്ക് 1.00 മണിക്ക് ഹുദൂർ ബയ്ത്തുസ്സുബൂഹിൽനിന്നു പുറപ്പെട്ടു. ഏകദേശം 40 മിനിറ്റു യാത്രക്കുശേഷം ഗീസെനിലെ(Giessen) ഫെയർ ഹാളിലെത്തി. കുറച്ചുനേരത്തേക്ക് ഹുദൂർ താൽക്കാലികമായി തയ്യാറാക്കിയിരുന്ന സ്ഥലത്ത് വിശ്രമിച്ചു. 2 മണിക്ക് ഹുദൂർ ഫെയർ ഹാളിൽ ജുമുഅ ഖുത്വ്ബ നല്കി. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ (MTA International)ഈ ഖുത്വ്ബ തൽസമയം ലോകം മുഴുവനും സംപ്രേഷണം ചെയ്തിരുന്നു. ഖുത്വ്ബക്കുശേഷം ഹുദൂർ ജുമുഅ നമസ്കാരത്തോടൊപ്പം അസ്വ്ർ നമസ്കാരവും ജംആക്കി നമസ്കരിപ്പിച്ചു.

(തുടരും)

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

പേജ് 5 ൽ നിന്ന്

തങ്ങളുടെ കണക്കെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്നവരാണ്. അവർക്ക് ആത്മീയതയുടെ കവാടങ്ങൾ തുറക്കപ്പെടുന്നു. അങ്ങനെ ചെയ്യാത്തവർക്ക് ആത്മീയതയുടെ കവാടം അടഞ്ഞുപോകുകയും അവൻ വഴിപിഴച്ചു പോകുകയും ചെയ്യുന്നു.' *(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18, പേജ് 141-142)*

മറ്റൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു: ദീനിപരമോ ഭൗതികപരമോ ആയ അധ്വാനം കൂടാതെ ഒരു മനുഷ്യനും അന്തസ്സ് കരസ്ഥമാകുന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറയുമായിരുന്നു: 'നമ്മുടെ കാലത്ത് എല്ലാ അന്തസും അല്ലാഹു നാമുമായി ബന്ധിപ്പിച്ചിരുന്നു. ഇപ്പോൾ അന്തസ്സ് ലഭിക്കുന്നവർ നമ്മുടെ ശിഷ്യന്മാരോ നമ്മുടെ എതിരാളികളോ ആയിരിക്കും.'

അന്തസ് പ്രാപിക്കുന്ന ആളുകളെ നോക്കുക. ഒന്നുകിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരായിരിക്കും അന്തസ്സ് പ്രാപിക്കുന്നവർ അല്ലെങ്കിൽ എതിർക്കുന്നവർ. ദീനീപരമായ നിലയിൽ തങ്ങളെ എതിരാളിയായി കാണുന്നവർ! അവർ തങ്ങൾ ദീനുള്ളവരാണെന്ന് കരുതുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, മൗലവി ഥനാഉല്ലായെ നോക്കുക. അയാൾ വലിയ മൗലവിയായിരുന്നു. അയാളെപോലെ ആയിരിക്കണക്കിന് മൗലവിമാർ പഞ്ചാബിലും ഇന്ത്യയിലുമുണ്ട്. അയാൾക്ക് അന്തസ്സ് കിട്ടുമെങ്കിൽ നമ്മളോടുള്ള എതിർപ്പു കാരണം! ഇക്കാര്യം അവർ അംഗീകരിച്ചാലും ഇല്ലെങ്കിലും നമ്മളോട് എതിർപ്പിലോ നമ്മെ പിന്തുണക്കുന്നതിലോ ആണ് അന്തസ്സ് നിലകൊള്ളുന്നതെന്നതാണ് യാഥാർഥ്യം! അതായത് യഥാർഥ കേന്ദ്രബിന്ദു നാംതന്നെയാണ്. ശത്രുക്കൾക്കും അന്തസ്സ് കിട്ടുന്നുവെങ്കിൽ നമ്മൾ കാരണമാണ് കിട്ടുന്നത്. *(തഫ്സീറെ കബീർ, വാല്യം 8. പേജ് 614)*

ഇതുതന്നെയാണ് ഇന്നും കണ്ടുവരുന്നത്! മൗലവിമാർക്ക് റൊട്ടി കിട്ടുന്നുവെങ്കിൽ അവർക്ക് ഇരിപ്പിടം കിട്ടുന്നുവെങ്കിൽ അത് അഹ്മദിയ്യത്തിനോടുള്ള എതിർപ്പു കാരണമാണ്.' ഇപ്പോൾ രാഷ്ട്രീയക്കാരും ചില രാജ്യങ്ങളിൽ പ്രത്യേകിച്ചും പാകിസ്താനിൽ അഹ്മദിയ്യത്തിനെ എതിർക്കുന്നതുകൊണ്ട് തങ്ങളുടെ രാഷ്ട്രീയം പൊലിപ്പിച്ച് തങ്ങളുടെ കസേര നിലനിറുത്താൻ ശ്രമിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദി(അ)നെതിരിലുണ്ടായ ഗൂഢാലോചനയെ പരാമർശിച്ചുകൊണ്ട് അദ്ദേഹം വിവരിക്കുന്നു: 'ഹദ്റത്ത് മസീഹ് മൗഊദി(അ)നെതിരിലും ജനങ്ങൾ ഗൂഢാലോചന നടത്തി. കേസുകളും കൊടുത്തു. പക്ഷേ, എല്ലാ സമയത്തും അല്ലാഹു ശത്രുക്കളെ തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരാക്കി. അതുതന്നെയാണ് വധോദ്യമക്കേസിലുമുണ്ടായത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി കോടതിയിൽ സാക്ഷി പറയാനെത്തി. അയാൾ വന്നത് മിർസാ സാഹിബിന് കൈയ്യാമം വെച്ചില്ലെങ്കിൽ കോടതിയിൽ നഊദുബില്ലാഹ് നിന്ദ്യാവസ്ഥയിൽ നിൽക്കേണ്ടിവരുമെന്ന പ്രതീക്ഷയോടെയായിരുന്നു. എന്നാൽ, കേസ് ഇംഗ്ലീഷുകാരനായ ഡെപ്യൂട്ടി കമ്മീഷണർക്ക് മുന്നിലാണ് വന്നത്. അയാൾ നമ്മുടെ പ്രസ്ഥാനത്തിന്റെ എതിരാളിയുമാണ്. അയാൾ ജില്ലയിൽ നിയമിക്കപ്പെട്ട ഉടനതന്നെ പറഞ്ഞത്, ഇയാൾ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ യേശുമിശിഹായെ നിന്ദിക്കുന്നു. അദ്ദേഹം മരിച്ചുപോയെന്ന് പറയുന്നു. ഇതുവരെ അയാൾ രക്ഷപ്പെട്ടിരിക്കുകയാണ്. എന്തുകൊണ്ട് അയാൾക്ക് ശിക്ഷ കൊടുക്കുന്നില്ല? ഇപ്പോൾ ഞാൻ അയാളെ ശിക്ഷിക്കുന്നതായിരിക്കും.' എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അല്ലാഹു ഇടപെടുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപം കണ്ടതും അയാളുടെ വെറുപ്പ് അകന്നു. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ അടുത്തുതന്നെ ഇരിക്കാൻ കസേര നൽകി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിലിരുന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി വന്നതുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിന്ദ്യനായി കാണാനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കസേരയിൽ ഇരിക്കുന്നതു കണ്ടപ്പോൾ അയാൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. അയാൾ ക്യാപ്റ്റൻ ഡഗ്ലസിനോട് പറഞ്ഞു: 'എനിക്കും കസേര വേണം.' അയാൾ അതായത് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി കരുതിയത്, കുറ്റാരോപിതന് കസേര നൽകിയിരിക്കെ സാക്ഷിക്ക് എന്തുകൊണ്ട് കിട്ടില്ല എന്നായിരുന്നു. എന്നാൽ, ക്യാപ്റ്റൻ ഡഗ്ലസിന് അയാൾ പറഞ്ഞതു കേട്ടപ്പോൾ നല്ലപോലെ ദേഷ്യം വന്നു. കോപംകൊണ്ട് പറഞ്ഞു: 'നിങ്ങൾക്ക് കസേര കിട്ടുന്നതല്ല.' മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പറഞ്ഞു: 'എന്റെ പിതാവിന് പ്രഭു സാഹിബിന്റെ സദസ്സിൽ കസേര കിട്ടിയിരുന്നു. എനിക്കും കസേര കിട്ടണം. ഞാൻ അഹ്ലെ ഹദീഥിന്റെ വക്കീലാകുന്നു. കസേര എനിക്ക് അവകാശപ്പെട്ടതാണ്.' അപ്പോൾ ക്യാപ്റ്റൻ ഡഗ്ലസ് പറഞ്ഞു: 'വെറുതെ വാചകമടിക്കേണ്ട. പിന്നിലേക്ക് മാറിനില്ക്കൂ.' ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിന്ദ്യനായി കാണുന്നതിന് പകരം അല്ലാഹു അയാളെ നിന്ദ്യനാക്കി. ഇത് കോടതി മുറിക്ക് അകത്തുള്ള കാര്യമാണ്. അയാൾ പുറത്ത് വന്നപ്പോൾ അകത്ത് തനിക്ക് കസേര കിട്ടിയെന്ന് ജനങ്ങൾക്ക് തോന്നിപ്പിക്കാൻ വരാന്തയിൽ ഉണ്ടായിരുന്ന കസേരയിലിരുന്നു. എന്നാൽ, ഭൃത്യൻ യജമാനൻ ചെയ്യുന്നതല്ലേ ചെയ്യുകയുള്ളൂ. കോടതി പ്യൂൺ, മൗലവി സാഹിബിന് അകത്ത് കസേര കിട്ടാതിരുന്നതും പുറത്ത് കസേരയിലിഇരിക്കുന്നതും കണ്ടപ്പോൾ ഇത് ബഹദൂർ സാഹിബ് കണ്ടാൽ തന്നോട് ദേഷ്യപെടുമെന്ന് കരുതി ഓടി വന്ന് പറഞ്ഞു, 'താങ്കൾക്ക് ഇവിടെ ഇരിക്കാൻ അർഹതയില്ല. എഴുന്നേൽക്കുക.' അങ്ങനെ കോടതിയിൽ മൗലവി സാഹിബിന് എന്ത് അന്തസ്സാണ് കിട്ടിയതെന്ന് ജനങ്ങൾ കണ്ടു. മൗലവി സാഹിബ് ഈ ദേഷ്യത്താൽ ജ്വലിച്ചുകൊണ്ട് മുന്നോട്ടു നീങ്ങി. അവിടെ ആരോ നിലത്ത് ഷീറ്റ് വിരിച്ചിട്ടുണ്ടായിരുന്നതിലിരുന്നു. എന്നാൽ യാദൃച്ഛികമായി ഷീറ്റിന്റെ ഉടമയും അവിടെയെത്തി. അയാൾ പറഞ്ഞു: 'തന്റെ വിരിയിൽനിന്ന് മാറൂ. താങ്കൾ ഇരുന്നാൽ അതു അശുദ്ധമാകും. കാരണം താങ്കൾ ഒരു മുസ്ലിമിനെതിരിൽ ക്രിസ്ത്യാനികൾക്കുവേണ്ടി സാക്ഷി പറയാനാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഓർക്കുക, അല്ലാഹുവിൽനിന്ന് സഹായമെത്തുമ്പോൾ ആർക്കുംതന്നെ തടയാൻ സാധ്യമല്ല.

പോലീസ് ഓഫീസറും പട്ടാളവുമെന്ത്! വലിയവനിൽ വലിയവനായവനുപോലും ജീവിതത്തെ വിശ്വസക്കാൻ പറ്റുകയില്ല. ഒരൊറ്റ സെക്കന്റിൽ അല്ലാഹുവിന് ശത്രുക്കളെ നശിപ്പിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ കുനിയുക. അവനോട് പ്രാർഥിക്കുക. അന്ധവിശ്വാസികൾക്ക് പരീക്ഷണം വരേണ്ടതും അനിവാര്യമാണ്. അതിനാൽ ക്ഷമിക്കുകയും അല്ലാഹുവിനോട് ദുആ ഇരക്കുകയുമാണെങ്കിൽ ആ പരീക്ഷണങ്ങൾ അകറ്റപ്പെടുന്നതാണ്.' *(ഖുത്ബാത്തെ മഹ്മൂദ് വാല്യം 15, പേജ് 184-186)*

ഹദ്റത്ത് മസീഹ് മൗഊദിനും(അ)ക്രിസ്ത്യാനികൾക്കുമിടയിൽ ഒരു സംവാദം നടന്നിരുന്നു. അതിന്റെ വിവരണമാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ 'ജങ്കെ മുഖദ്ദസ്' എന്ന പേരിൽ അറിയപ്പെടുന്നു.

ഈ സംവാദത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ പറഞ്ഞിരുന്നു. ഹദ്റത്ത് ഖലീഫ അവ്വലിനെ ഉദ്ധരിച്ചുകൊണ്ടാണ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇതു പറയുന്നത്. 'ആഥിമുമായുള്ള സംവാദത്തിലുണ്ടായത് കണ്ടപ്പോൾ ഞങ്ങളുടെ ബുദ്ധി അന്ധാളിച്ചുപോയി. പിന്നെ ഞങ്ങളുടെ ഈമാൻ ആകാശത്തോളമെത്തി. ഹദ്റത്ത് ഖലീഫ അവ്വൽ പറയുന്നു: 'ക്രിസ്ത്യാനികൾ സംവാദത്തിൽ പ്രയാസത്തിലായി. തങ്ങളുടെ ഒരു കാര്യവും നടക്കില്ലെ ന്നായപ്പോൾ ഏതാനും മുസ്ലിമീങ്ങളെക്കൂട്ടി പരിഹസിക്കാൻ വേണ്ടി ഒരു കാര്യം ചെയ്തു. അവർ ഏതാനും അന്ധന്മാരേയും ബധിരന്മാരേയും മുടന്തന്മാരേയും കൊണ്ടുവന്നു. സംവാദത്തിന് മുമ്പേ അവരെ ഒരു ഭാഗത്ത് മാറ്റിയിരുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നപ്പോൾ ക്ഷണത്തിൽ അവർ അന്ധന്മാരേയും ബധിരന്മാരേയും മുടന്തന്മാരേയും അദ്ദേഹത്തിനുമുമ്പിൽ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: 'സംസാരംകൊണ്ട് കാര്യം തീരുമാനമാകുന്നില്ല. താങ്കൾ ഈസാ മസീഹിന്റെ സദൃശ്യനാണെന്ന് പറയുന്നു. ഈസാ മസീഹ് കുരുടന്മാർക്ക് കാഴ്ചയും, ബധിരന്മാർക്ക് കേൾവിയും മുടന്തന്മാരുടെ മുടന്ത് നീക്കുകയും ചെയ്തിരുന്നു. ഞങ്ങൾ താങ്കളെ പ്രയാസത്തിൽനിന്ന് രക്ഷിക്കാൻ ഈ സമയത്ത് ഏതാനും അന്ധന്മാരേയും ബധിരന്മാരേയും മുടന്തന്മാരേയും ഒരുമിച്ചു കൂട്ടിയിട്ടുണ്ട്. താങ്കൾ ശരിക്കും മസീഹിന്റെ സദൃശ്യനാണെങ്കിൽ ഇവരെ നന്നാക്കി കാണിക്കുക.' ഖലീഫ അവ്വൽ(റ) പറയുന്നു, ഞങ്ങൾ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾക്കു അത് കേട്ടപ്പോൾ ഞങ്ങളുടെ മനസ്സ് ഇരുന്നുപോയി. ഞങ്ങൾക്ക് ഇതിൽ അതായത് ഈസാ നബിയിലേക്ക് ചേർത്തു പറയുന്ന ഇക്കാര്യങ്ങളിൽ യാഥാർഥ്യമില്ലെന്ന് അറിയാമായിരുന്നു. എന്നിട്ടും ഞങ്ങളുടെ

മനസ്സ് അസ്വസ്ഥമായി. അപ്പറഞ്ഞതുകേട്ട് ഇന്ന് അവർക്ക് പരിഹസിക്കാനുള്ള അവസരം കിട്ടുമല്ലോ എന്നോർത്ത് ഞങ്ങൾ പരിഭ്രമിച്ചു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്[അ] ന്റെ മുഖത്ത് നോക്കിയപ്പോൾ അവിടെ അനിഷ്ടത്തിന്റേയോ പരിഭ്രമത്തിന്റേയോ ഒരു ലക്ഷണവുമില്ലായിരുന്നു. അവർ സംസാരം നിറുത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്[അ] പറഞ്ഞു: 'പാതിരി സാഹിബേ, ഞാൻ ഏതൊരു മസീഹിന്റെ സദൃശ്യനാണെന്നാണോ വാദിക്കുന്നത് അദ്ദേഹം ഇസ്‌ലാമിക പാഠമനുസരിച്ച് ഇത്തരം അന്ധന്മാരേയും ബധിരന്മാരേയും മുടന്തന്മാരേയും നന്നാക്കിയിട്ടില്ല. മറിച്ച് മസീഹ് ശാരീരികാന്ധത ബാധിച്ചവരേയും ബധിരന്മാരേയും മുടന്തന്മാരേയും നന്നാക്കി എന്നത് നിങ്ങളുടെ വിശ്വാസമാണ്. മാത്രമല്ല നിങ്ങളുടെ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു, 'നിങ്ങളിൽ അല്പംപോലും വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ പർവതത്തോട് ഇവിടെനിന്ന് അങ്ങോട്ട് നീങ്ങുക എന്ന് പറഞ്ഞാൽ പർവതം നീങ്ങുന്നതാണെന്ന്! നിങ്ങൾ രോഗികൾക്കുമേൽ കൈവെച്ചാൽ അവർ സുഖപ്പെടുന്നതാണെന്ന്! അതുകൊണ്ട് ഇതു എന്നോടല്ല ചോദിക്കേണ്ടത്. ഞാൻ എന്റെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ[സ] കാണിച്ച അത്ഭുതങ്ങൾ കാണിക്കുന്നതാണ്. നിങ്ങൾ അത് ആവശ്യപ്പെട്ടാൽ ഞാൻ അവ കാണിക്കാൻ തയ്യാറുമാണ്. ഇനി ഇത്തരം അത്ഭുതങ്ങളാണ് നിങ്ങളുടെ ഗ്രന്ഥം പറയുന്നതെങ്കിൽ, തങ്ങളിൽ കടുകുമണിയോളം വിശ്വാസമുള്ള ക്രിസ്ത്യാനിക്ക് ഇത്തരം അത്ഭുതങ്ങൾ കാണിക്കാൻ കഴിയുന്നതാണെന്ന് യേശു പറയുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ പറഞ്ഞത് ശരിയാണ്. ഈ അന്ധന്മാരേയും ബധിരന്മാരേയും ഊമകളേയും മുടന്തന്മാരേയും ഇവിടെ ഒരുമിച്ചുകൂട്ടി നമ്മെ പ്രയാസത്തിൽനിന്ന് രക്ഷിച്ചിരിക്കുന്നു. ഇവിടെ ഈ അന്ധന്മാരും ബധിരന്മാരും ഊമകളും മുടന്തന്മാരുമുണ്ട്. നിങ്ങളുടെ ഉള്ളിൽ കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഇവരെ സുഖപ്പെടുത്തി കാണിക്കുക.' ഹദ്റത്ത് ഖലീഫ അവ്വൽ[റ] പറയുന്നു: 'ഈ മറുപടി പാതിരിമാരെ അത്ഭുതപ്പെടുത്തി. വലിയ വലിയ പാതിരിമാർ ആ ഊമകളേയും മുടന്തന്മാരേയും വലിച്ചുവലിച്ച് അകറ്റിക്കൊണ്ടുപോകാൻ ശ്രമിക്കുന്നത് കാണാമായിരുന്നു. ചുരുക്കത്തിൽ അല്ലാഹു തന്റെ സാമീപ്യം പ്രാപിച്ചവർക്ക് എല്ലാ സന്ദർഭത്തിലും അന്തസ്സ് നൽകുന്നു. അവർക്ക് മനസ്സിലാക്കി കൊടുക്കുന്ന മറുപടി കേട്ട് ശത്രുക്കൾ അത്ഭുതസ്തംഭരായി തീരുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ എതിർക്കുന്ന ഒരു സംഭവം സിയാൽക്കോട്ടിലുണ്ടായി. അദ്ദേഹം പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്[അ]സിയാൽകോട്ടിൽ പോയപ്പോൾ മൗലവിമാർ 'ആരെങ്കിലും അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാൻ പോയാൽ അവരുടെ നിക്കാഹ് ബന്ധം മുറിയുന്നതാണെന്നുള്ള ഫത്‌വ ഇറക്കി. ജനങ്ങൾ ഫത്‌വയൊട്ടും പരിഗണിച്ചില്ല. അപ്പോൾ ജനങ്ങളെ തടയാൻ മൗലവിമാർ വഴിയിൽ തടസ്സമുണ്ടാക്കി. വഴിയിൽ കല്ലുകൾ കൂട്ടിയിട്ടു. പോകുന്നവരെ കല്ലെറിയാൻ പരിപാടിയിട്ടു. പിന്നെ പ്രസംഗം കേൾക്കാതിരിക്കാൻ സമ്മേളന സ്ഥലത്തുനിന്ന് ജനങ്ങളെ പിടിച്ചുകൊണ്ടുപോകാനും തീരുമാനിച്ചു. അദ്ദേഹം പറയുന്നു: 'ഒരിക്കൽ സിയാൽക്കോട്ടിൽ ബി.ടി. സാഹിബുണ്ടായിരുന്നു. അദ്ദേഹം സിറ്റി ഇൻസ്പെക്ടറായിരുന്നു, പിന്നീട് സൂപ്രണ്ടുമായി. ഇപ്പോൾ അദ്ദേഹത്തിന് എന്ത് സ്ഥാനമാണെന്നറിയില്ല. സംവിധാനം ചെയ്യാനുള്ള ചുമതല ആ സാഹിബിനായിരുന്നു. ജനങ്ങൾ ബഹളമുണ്ടാക്കാനും കുഴപ്പമുണ്ടാക്കാനും തുനിഞ്ഞപ്പോൾ ഹുദൂറിന്റെ പ്രസംഗം അദ്ദേഹവും കേട്ടിരുന്നു. അദ്ദേഹം അത്ഭുതപ്പെട്ടു. പ്രസംഗത്തിൽ ആര്യന്മാർക്കും ക്രിസ്ത്യാനികൾക്കുമാണ് പ്രഹരമുള്ളത്. ഇനി മിർസാ സാഹിബ് പറഞ്ഞത് മൗലവിമാരുടെ ചിന്താഗതിക്ക് എതിരാണെങ്കിൽപോലും അതുകൊണ്ട് ഇസ്‌ലാമിന് ഒരു ആക്ഷേപവുമില്ല. ക്രിസ്ത്യാനികൾക്ക് എതിരിലാണ് സംസാരിക്കുന്നത്. ആ കാര്യങ്ങൾ സത്യമാണെങ്കിൽ ഇസ്‌ലാം സത്യമാണെന്ന് സ്ഥാപിക്കപ്പെടുന്നതാണ്. മിർസാ സാഹിബ് വിവരിക്കുന്നത് സത്യമാണെങ്കിൽ ഇസ്‌ലാം സത്യമാണെന്ന് സ്ഥാപിതമാകും. പിന്നെ മുസ്‌ലിമീങ്ങൾക്ക് കുഴപ്പമുണ്ടാക്കാനുള്ള കാരണമൊന്നുമില്ല. അയാൾ സർക്കാരി ഓഫീസറായിരുന്നു. എങ്കിലും സമ്മേളനത്തിൽ നിന്ന് മുസ്‌ലിമീങ്ങളെ സംബോധന ചെയ്തു പറഞ്ഞു: 'ഇവിടെ ക്രിസ്ത്യാനികളുടെ ദൈവം മരണപ്പെട്ടെന്ന് പറയുന്നു. അതിൽ നിങ്ങൾ എന്തിനാണ് ദേഷ്യപ്പെടുന്നത്? ക്രിസ്ത്യാനികളുടെ ദൈവം മരിച്ചു എന്ന് പറയുന്നതിൽ നിങ്ങൾക്ക് ദേഷ്യപ്പെടാൻ എന്താണുള്ളത്? ഇത് നിങ്ങൾക്ക് നല്ലതാണ്. ഇതാണ് പൊതുവിൽ ശത്രുക്കൾക്ക് നമ്മളുമായി കാണപ്പെടുന്ന പെരുമാറ്റം. മുസ്‌ലിമീങ്ങളിൽനിന്നാരെങ്കിലും ആര്യന്മാരിൽ ചേരുകയാണെങ്കിൽ അവർക്കൊരു നഷ്ടവുമില്ല. എന്നാൽ, മിർസാ സാഹിബിന്റെ വർത്തമാനം ആരും കേൾക്കാൻ പാടില്ലത്രെ! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: മുസ്‌ലിമീങ്ങളിൽ ആരെങ്കിലും തന്റെ മതം മാറ്റിയാൽ തങ്ങൾക്ക് നഷ്ടമുണ്ടാകുന്നത്രെ!

അദ്ദേഹം പറയുന്നു: യഥാർഥത്തിൽ ഇത് തെറ്റായ ചിന്താഗതിയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ സംബന്ധിച്ചിടത്തോളം മുസ്‌ലീങ്ങൾ മതം മാറുമ്പോൾ നമുക്ക് പ്രയാസമാണ്. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു:

**ഏ ദിൽ തൂ നീസ് ഖാതിർ**

**ഈനാൻ നിഗാഹ്ദാർ**

**ക ആഖിർ കുനൻദ് ദഅ്വയെ**

**ഹുബ്ബെ പേയമ്പറം**

*(താരീഖെ ശുദ്ധി മൽക്കാന, അൻഌറുൽ ഉലൂം വാള്യം 7, പേജ് 192)*

അല്ലയോ മനസ്സേ! നീ അവരെ പരിഗണിക്കുക. എന്തായാലും അവർ എന്റെ നബിയെ സ്നേഹിക്കുന്നവരാണെന്ന് വാദിക്കുന്നവരാണല്ലോ

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്[അ] നോടു ഒരാൾ പറഞ്ഞു:ഞാൻ അങ്ങയെ ഒരുപാട് വാഴ്ത്തുന്നവനാണ്. പക്ഷേ, വളരെ വലിയൊരു തെറ്റ് അങ്ങയിൽനിന്നുണ്ടായിപ്പോയി. ഉലമാ ഒരു കാര്യവും സമ്മതിക്കുകയില്ലെന്ന് അങ്ങയ്ക്കറിയാം. കാരണം സമ്മതിച്ചാൽ അത് തങ്ങൾക്ക് അപമാനമാണെന്ന് അവർക്കറിയാം. ഇക്കാര്യം ഇന്നയാൾക്ക് മനസ്സിലായത് ഇവർക്കു മനസ്സിലായില്ലെന്ന് ജനങ്ങൾ പറയും. അതുകൊണ്ട് അവരെക്കൊണ്ടു സമ്മതിപ്പിക്കാനുള്ള വഴി അവരുടെ വായിൽനിന്നുതന്നെ കാര്യങ്ങൾ പുറത്തുകൊണ്ടുവരിക എന്നതാണ്. അങ്ങയ്ക്ക് ഈസാനബിയുടെ മരണം മനസ്സിലായപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ഉലമായെ ക്ഷണിക്കുകയാണ് വേണ്ടിയിരുന്നത്. ഒരു മീറ്റിംഗ് വിളിച്ച് ഇത് അവരുടെ മുമ്പിൽ അവതരിപ്പിക്കണമായിരുന്നു. ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന് മുസ്‌ലിമീങ്ങളുടെ വിശ്വാസംകൊണ്ട് ക്രിസ്ത്യാനികൾക്ക് വലിയ സഹായമാണ് ലഭിക്കുന്നതെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കണമായിരുന്നു. അവർ ഈ ആക്ഷേപം ഉന്നയിച്ച് ഇസ്‌ലാമിന് നഷ്ടമുണ്ടാക്കുന്നു. നിങ്ങളുടെ മരിച്ചുപോയെന്നും തങ്ങളുടെ മതത്തിന്റെ സ്ഥാപകൻ ആകാശത്ത് സ്ഥൂലശരീരത്തോടെ ഇരിക്കുന്നുവെന്നും അവർ മുസ്‌ലിമീങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങളുടെ നബിയെക്കാൾ ശ്രേഷ്ഠൻ അദ്ദേഹമാണ്. എന്നല്ല അദ്ദേഹംതന്നെ ദൈവവുമാണ്. ഇതിനു മറുപടി നല്കാൻ മുസ്‌ലിമീങ്ങളോടു പറയുന്നു. ഇങ്ങനെയായിരുന്നെങ്കിൽ അങ്ങ് ക്ഷണിച്ചുവരുത്തിയ ഉലമാ അങ്ങയോടുതന്നെ അതിന് മറുപടി നല്കാൻ പറയുമായിരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയണം നിങ്ങൾതന്നെ മറുപടി പറയുക. അതിനുള്ള മറുപടിയെന്താണ്? അപ്പോൾ അങ്ങ് അവരോടു പറയണം അഭിപ്രായം നിങ്ങളുടേതുതന്നെശരിയാവണം. പക്ഷേ, ഇന്ന ആയത്തുകൊണ്ട് ഹദ്റത്ത് മസീഹിന്റെ വഫാത്ത് സ്ഥാപിതമായേക്കാം. അപ്പോൾ ഇക്കാര്യം ശരിയാണെന്ന് ഉലമാ പറയും. ബിസ്മില്ലാഹ് ചൊല്ലി വിളംബരം ചെയ്യുക. ഞങ്ങൾ പിന്തുണയ്ക്കാം. മൗലിവിമാർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ ഈ വഴിയാണ് അദ്ദേഹം മസീഹ് മൗഊദ്[അ]നോടു പറഞ്ഞത്. വീണ്ടും പറയുന്നു: പിന്നീടുള്ളത് മസീഹിന്റെ പുനരാഗമനത്തെ കുറിച്ചുള്ള ഹദീഥുകളാണ്. ഹദ്റത്ത് മസീഹ് ഈസാ വഫാത്തായ സ്ഥിതിക്കു പിന്നീടു വരേണ്ടതാരാണ്? അപ്പോൾ ഏതെങ്കിലും ആലിം താങ്കളെ സംബന്ധിച്ച് പറയും അങ്ങുതന്നെയാണ് മസീഹ് എന്ന്. അങ്ങനെ ഉലമാക്കളെല്ലാം അങ്ങയെ സാക്ഷ്യപ്പെടുത്തുമായിരുന്നു. ഈ പ്ലാൻ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ]പറഞ്ഞു: എന്റെ വാദം മനുഷ്യന്റെ തന്ത്രമനുസരിച്ചായിരുന്നെങ്കിൽ ഞാൻ അങ്ങനെ ചെയ്യുമായിരുന്നു. പക്ഷേ, ഇത് അല്ലാഹുവിന്റെ കല്പനപ്രകാരമായിരുന്നു. അല്ലാഹു ഏതു രീതിയിലാണോ മനസ്സിലാക്കിത്തന്നത് ഞാൻ ആ രീതി ചെയ്തു.

ചതിയും വഞ്ചനയും മാനുഷികമായ ചതിക്കും തന്ത്രത്തിനുമെതിരിലായിരിക്കും. അല്ലാഹുവിന്റെ ജമാഅത്തുകൾ അവയിലൊരിക്കലും ഭയപ്പെടുകയില്ല. ഇതു നമ്മുടെ ജോലിയല്ല. അല്ലാഹുവിന്റെ തന്നെ ജോലിയാണ്. അവൻതന്നെ ഈ സന്ദേശമെത്തിക്കുന്നതാണ്. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 12, പേജ് 196-197)*

സൂര്യചന്ദ്രഗ്രഹണങ്ങളുടെ സംഭവം ന

മ്മുടെ ജമാഅത്തിലെ വളരെ പ്രസിദ്ധമായ സംഭവമാണ്. ഇതുസേബന്ധമായും ഒരു ശത്രുമൗലവി, അദ്ദേഹം ഗുജറാത്തുകാരനാണെന്നാണ് തോന്നുന്നത് എപ്പോഴും ആളുകളോടു മിർസാ സാഹിബിന്റെ വാദത്തിലൊരിക്കലും വഞ്ചിതരാകരുതെന്ന് പറഞ്ഞുകൊണ്ടിരുന്നു. ഹദീഥുകളിൽ സൂര്യനും ചന്ദ്രനും റമളാൻമാസത്തിൽ ഗ്രഹണമുണ്ടാകുമെന്നാണ് മഹ്ദിയുടെ അടയാളമായി വ്യക്തമായും എഴുതിയിരിക്കുന്നത്. ഈ പ്രവചനം പുലരാത്തിടത്തോളം സൂര്യനും ചന്ദ്രനും റമളാൻമാസത്തിൽ ഗ്രഹണമുണ്ടാകാത്തിടത്തോളം അദ്ദേഹത്തിന്റെ വാദത്തെ ഒരിക്കലും സത്യമായി കാണരുത്. യാദൃച്ഛികമെന്ന് പറയട്ടെ, അദ്ദേഹം ജീവിച്ചിരിക്കെത്തന്നെ സൂര്യചന്ദ്രഗ്രഹണത്തെ സംബന്ധിച്ചുള്ള പ്രവചനം പുലർന്നു. അയാളുടെ അയൽപക്കത്ത് ഒരു അഹ്മദി താമസിക്കുന്നുണ്ടായിരുന്നു. സൂര്യചന്ദ്രഗ്രഹണമുണ്ടായ വിവരം അയാൾ കേൾപ്പിച്ചപ്പോൾ അയാൾ വീടിന്റെ മുകളിൽ കയറി ഉലാത്താൻ തുടങ്ങി. അദ്ദേഹം ഉലാത്തുകയും ഒപ്പം ഇങ്ങനെ പറയുകയും ചെയ്യുന്നുണ്ടായിരുന്നു.'ആളുകൾ ഇനി വഴിപിഴച്ചുപോകും. ആളുകൾ ഇനി വഴിപിഴച്ചുപോകും.' അയാൾ ആവർത്തിച്ചിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. പ്രവചനം പൂർത്തിയായ സ്ഥിതിക്ക് ആളുകൾ ഹദ്റത്ത് മിർസാ സാഹിബിൽ വിശ്വസിച്ച് സന്മാർഗം പ്രാപിക്കുമെന്ന് അയാൾ മനസ്സിലാക്കി വെച്ചിരുന്നു. വഴിപിഴച്ചവരാകുകയില്ല. ക്രിസ്ത്യാനികളും മുൻവേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന എല്ലാ അടയാളങ്ങളും പുലർന്നുകഴിഞ്ഞുവെന്ന് ഒരു വിധത്തിൽ സമ്മതിച്ചിരുന്നു.മറുഭാഗത്ത് നബി[സ]തിരുമേനിയുടെ വാദംകേട്ട് ആ നേരത്ത് യാച്ഛികമായ നിലയിൽ ഒരു കള്ളൻ വാദിച്ചുവെന്നും പറയുമായിരുന്നു. മുസ്‌ലിമീങ്ങൾ പറയുന്നതുപോലെതന്നെ. അടയാളങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നു എന്നാൽ, യാദൃച്ഛികമായ കാര്യമെന്നു പറയട്ടെ ഇന്ന് ഒരു കള്ളൻ വാദിച്ചിരിക്കുകയാണ്.ഇതാണ് ഇപ്പോൾ മുസ്‌ലിമീങ്ങളുടെ അവസ്ഥ. എന്നാൽ, അത്ഭുതകരമായ കാര്യമെന്നു പറയുന്നത് അത്തരം യാദൃച്ഛികത ഒരു 'കള്ളനു' തന്നെയാണുണ്ടാകുന്നത്! സത്യവാന് ഉണ്ടാകുന്നില്ല! *(തഫ്സീറെ കബീർ വാള്യം 10, പേജ് 56)*

മസീഹ് മൗഊദ്[അ]ന്റെ ഭൂതകാലത്തെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: അതായത് 'എല്ലാ ഓരോ തിന്മയും ഘട്ടംഘട്ടമായാണുണ്ടാകുന്നത്. ഒരാൾ രാത്രി നേരത്ത് സത്യസന്ധനായി ഉറങ്ങുകയും രാവിലെ നേരത്ത് ഏറ്റവും മോശമായ കളവിന്നിരയായി, ആദ്യം മനുഷ്യരുടെമേൽ കളവു പറയുകയായിരുന്നെങ്കിൽ ഇപ്പോൾ അല്ലാഹുവിന്റെ പേരിലും കളവു പറയുക എന്നത് ഒരിക്കലുമുണ്ടാകുകയില്ല. ഇതനുസരിച്ച് നമുക്ക് ആദ്യം മിർസാസാഹിബിന്റെ ആദ്യകാലജീവിതം പരിശോധിക്കാം. അദ്ദേഹം ഇവിടുത്തെ ഹിന്ദുക്കളോടും സിക്കുകാരോടും ക്രിസ്ത്യാനകളോടും തന്റെ വാദത്തിനുമുമ്പേയുള്ള ജീവിതത്തിൽ നിങ്ങൾക്കെന്തെങ്കിലും ആക്ഷേപം ഉന്നയിക്കാൻ കഴിയുമോ? എന്ന് ചോദിക്കുമായിരുന്നു. എന്നാൽ, ആർക്കും അതിന് തന്റേടമുണ്ടായില്ല. പ്രത്യുത അദ്ദേഹത്തിന്റെ പരിശുദ്ധി സമ്മതിക്കേണ്ടിവന്നു. പിൽക്കാലത്ത് കഠിനവിരോധിയായി മാറിയ മുഹമ്മദുഹുസയ്ൻ ബട്ടാലവി തന്റെ മാസികയിൽ അദ്ദേഹത്തിന്റെ ജീവിതപരിശുദ്ധിയെ കുറിച്ചും ന്യൂനതകളൊന്നും ഇല്ലാത്ത ആളാണെന്നതിനെക്കുറിച്ചും സാക്ഷ്യം പറയുകയുണ്ടായി. മിസ്റ്റർ ളഫ്ർ അലി ഖാന്റെ പിതാവ് തന്റെ പത്രത്തിൽ അദ്ദേഹത്തിന്റെ ആദ്യകാലജീവിതത്തെ കുറിച്ച്, അദ്ദേഹം വളരെ പരിശുദ്ധനാണെന്ന് സാക്ഷ്യം പറഞ്ഞു. അപ്പോൾ ആരാണോ 40 വർഷംവരെ പരിശുദ്ധനായിരുന്നത്, ജീവിതം പരിശുദ്ധമായിരുന്നത് അയാളെങ്ങനെയാണ് ഒറ്റ രാത്രികൊണ്ട് എന്തൊക്കെയോ ആയിപ്പോയത്? അയാളെങ്ങനെയാസൈക്യാസ്ട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ അംഗീകരിച്ചിട്ടുള്ളതും പറയുകയും ചെയ്യുന്ന കാര്യമാണ്.ണ് വ്യതിചലിച്ചുപോയത്? എല്ലാ ന്യൂനതകളും ധാർമികമായ കുറവുകളും പതുക്കെപ്പതുക്കെയാണ് ഉണ്ടാകാറുള്ളതെന്ന് ളതെന്നും പൊടുന്നനെ ഉണ്ടാകാറില്ലെന്നും സൈക്യാസ്ട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ അംഗീകരിച്ചിട്ടുള്ളതും പറയുകയും ചെയ്യുന്ന കാര്യമാണ്. പൊടുന്നനെ സ്വഭാവപരമായ മാറ്റം ഉണ്ടാകാറില്ല. അദ്ദേഹത്തിന്റെ ഭൂതകാലം എത്രമാത്രം അന്യൂനവും ദോഷമില്ലാത്തതുമായിരുന്നുവെന്ന് നോക്കുക.' *(മിഅ്‌യാരെ സ്വദാഖത്ത്, അൻവാറുൽഉലൂം വാള്യം 6, പേജ് 60–61)*

അല്ലാഹു എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ സഹായിച്ചുകൊണ്ടിരുന്നത്. ഇതുസംബന്ധമായി നമുക്ക് നോക്കാം. അവിടന്നെഴുതുന്നു; അല്ലാഹുവിന്റെ റസൂലിനോടൊപ്പം അല്ലാഹുവിന്റെ സഹായവുമുണ്ടാകുന്നു. സഹായമില്ലെങ്കിൽ അയാൾ അല്ലാഹുവിന്റെ മുർസലുമല്ല റസൂലുമല്ല.

അദ്ദേഹത്തെ നശിപ്പിക്കാൻ ജനങ്ങൾ അടുത്തുതന്നെയുണ്ടാകും. എന്നാൽ, അല്ലാഹുവിന്റെ സഹായം വരുന്നു. അദ്ദേഹത്തെ വിജയിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ശത്രുക്കളുടെ പദ്ധതികളെ വിപാടനം ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദിന്നെതിരിൽ ഇതുതന്നെയാണ് സംഭവിച്ചത്. അദ്ദേഹത്തെ വധിക്കാൻ പല രീതിയിലും അവർ ശ്രമിച്ചു. വധിക്കാൻ ആളുകൾ നിശ്ചയിക്കപ്പെട്ടു. അവരെക്കുറിച്ച് അറിഞ്ഞു. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ പരാജയപ്പെട്ടു. വധോദ്യമക്കേസു കൊടുത്തു. മാർട്ടിൻ ക്ലാർക്ക് വധം കുറ്റമാരോപിച്ച് കള്ളക്കേസുകൊടുത്തു. തന്നെ മിർസാ സാഹിബ് കൊല്ലാൻ അയച്ചിരുന്നുവെന്ന് ഒരാൾ പറയുകയും ചെയ്തു. മഹ്ദിവിയ്യത്തിന്റേയും മസീഹിയത്തിന്റേയും വാദവുമായി വന്ന ആളെ മജിസ്ട്രേറ്റ് എന്തുകൊണ്ട് ഇതുവരെ പിടിച്ചില്ല? താൻ പിടിക്കുമെന്ന് പറഞ്ഞതാണ്. എന്നാൽ, കേസ്സുവാദം നടക്കുമ്പോൾ അതേ മജിസ്ട്രേട്ടു ഇതു കള്ളക്കേസാണെന്ന് പറയുന്നു. പലപ്രാവശ്യവും അയാൾ ഇതുതന്നെ പറഞ്ഞു. അവസാനം ആ വ്യക്തിയെ ക്രിസ്ത്യാനികളിൽനിന്ന് വേർപ്പെടുത്തി പോലീസു ഓഫീസറുടെ കീഴിൽവച്ചു. അയാൾ നിലവിളിക്കാൻ തുടങ്ങി. അവസാനം ക്രിസ്ത്യാനികളാണ് തന്നെ പഠിപ്പിച്ചയച്ചതെന്ന് അയാൾ പറഞ്ഞു. അല്ലാഹു ആ വ്യാജാരോപണം നാമാവശേഷമാക്കി.

ഇപ്രകാരംതന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: 'നമ്മുടെ ജമാഅത്തിലെ ആവേശമുള്ള ഒരു മുബല്ലിഗാണ് മൗലവി ഉമറുദ്ദീൻ സാഹിബ് ശിംലവി. ഇദ്ദേഹം തന്റെ ഒരു സംഭവം വിവരിക്കുന്നു: ഇദ്ദേഹവും അതേ രീതിയിൽ ഉരച്ചുനോക്കി അഹ്മദിയായ ആളാണ്. ഇദ്ദേഹം കേൾപ്പിക്കുന്നു: ശിംലയിൽ മൗലവി മുഹമ്മദു ഹുസയ്നും മൗലവി അബ്ദുർറഹ്മാൻ സിയ്യാഹും മറ്റു ചിലരും കൂടിയിരുന്ന് ഇനി മിർസാ സാഹിബിന്നെതിരിൽ ഏതു രീതിയാണ് സ്വീകരിക്കേണ്ടതെന്നതിനെ കുറിച്ച് ചർച്ചചെയ്യുകയായിരുന്നു. മൗലവി അബ്ദുർറഹ്മാൻ സാഹിബ് പറഞ്ഞു: താൻ ഇനി സംവാദം ചെയ്യുകയില്ലെന്ന് മിർസാ സാഹിബ് വിളംബരം ചെയ്തു കഴിഞ്ഞിരിക്കുന്നു. നമ്മൾ സംവാദത്തിനുവേണ്ടി നോട്ടീസ് പ്രസിദ്ധീകരിക്കുന്നു. ഇനി അദ്ദേഹം പോരാടാൻ നില്ക്കുകയാണെങ്കിൽ നമ്മൾ അദ്ദേഹം കളവു പറഞ്ഞുവെന്ന് പറയുന്നതായിരിക്കും; ആദ്യം ഇനി ആരുമായും സംവാദം നടത്തുകയില്ലെന്ന് പറഞ്ഞ് നോട്ടീസിറക്കി ഇപ്പോൾ സംവാദത്തിന് തയ്യാറാണെന്ന് പറഞ്ഞ് നോട്ടീസ് ഇറക്കിയിരിക്കുന്നു. ഇനി സംവാദത്തിന് തയ്യാറായില്ലെങ്കിൽ മിർസാ സാഹിബ് പരാജയപ്പെട്ടുവെന്ന് പറഞ്ഞ് നമ്മൾ ബഹളമുണ്ടാക്കുന്നതായിരിക്കും. അപ്പോൾ മൗലവി ഉമറുദ്ദീൻ സാഹിബ് പറഞ്ഞു: 'അതിന്റെ ആവശ്യമെന്താണ്? ഞാൻ പോകുകയാണ്, പോയി അയാളെ കൊല്ലുന്നതാണ്. അതോടെ പ്രശ്നം തീർന്നു.' മൗലവി മുഹമ്മദു ഹുസയ്ൻ പറഞ്ഞു: 'കുട്ടി! നിനക്കെന്താണ് അറിയുക. ഇതെല്ലാം നേരത്തെ ചെയ്തു കഴിഞ്ഞിരിക്കുന്നു.' മൗലവി ഉമറുദ്ദീൻ സാഹിബിന്റെ മനസ്സിൽ ഇക്കാര്യം തറച്ചു. 'അതായത് ആരെയാണോ അല്ലാഹു ഇത്രയും സംരക്ഷിക്കുന്നത് അയാൾ അല്ലാഹുവിൽനിന്നുള്ള ആൾതന്നെയായിരിക്കും.' ഇദ്ദേഹം എന്തായാലും കുട്ടിയായിരുന്നു. ഇദ്ദേഹം പറഞ്ഞു: ഇത്രമാത്രം സംരക്ഷണം അല്ലാഹു ചെയ്തുകൊണ്ടിരിക്കുന്നു. ഇത്രമാത്രം തന്ത്രങ്ങളുണ്ടായിട്ടും രക്ഷപ്പെട്ടിരിക്കുകയാണെങ്കിൽ ഇദ്ദേഹം അല്ലാഹുവിൽനിന്നുള്ള ആൾ തന്നെയാണ്. പിന്നീട് ഇദ്ദേഹം ബയ്അത്തു ചെയ്തു മടങ്ങിപ്പോകുമ്പോൾ മുഹമ്മദുഹുസയ്ൻ ബട്ടാലവിയെ സ്റ്റേഷനിൽ കണ്ടു. ചോദിച്ചു, നീ എവിടെ? ഖാദിയാനിൽ ബയ്അത്തുചെയ്തുവരികയാണെന്ന് ഇദ്ദേഹം പറഞ്ഞു. മൗലവി മുഹമ്മദു ഹുസയ്ൻ പറഞ്ഞു: നീ വളരെ ദ്രോഹിയാണ്.നിന്റെ പിതാവിന് എഴുതുന്നതായിരിക്കും. അപ്പോൾ ഇദ്ദേഹം മറുപടി പറഞ്ഞു: മൗലവി സാഹിബേ! എന്തൊന്നാണോ ഉണ്ടായത് അത് താങ്കൾ മുഖേനയാണുണ്ടായത്. എതിരാളി അല്ലാഹുവിന് പ്രിയപ്പെട്ടവനെ കൊല്ലാൻ നോക്കുന്നു. അദ്ദേഹം രക്ഷിക്കപ്പെടുന്നു. അല്ലാഹു തന്റെ പുതുഅറിവുകൊണ്ട് സഹായിക്കുന്നു, എല്ലാ രംഗങ്ങളിലും അദ്ദേഹത്തിന് അന്തസ്സ് നല്കുന്നു. *(മിഅ്‌യാരെ സ്വദാഖത്ത്, അൻവാരുൽഉലൂം വാള്യം 6, പേജ് 61–62)*

ഇപ്രകാരംതന്നെ താൻ മിർസാ സാഹിബിനെ നശിപ്പിച്ചുകളയുമെന്നത് മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുടെ വാദവുമായിരുന്നു.

'മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 28 April 2022 Issue-17

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ലവി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യുവത്വകാലത്തെ സുഹൃത്തായിരുന്നു. അദ്ദേഹവുമായി ബന്ധം വെക്കുന്ന ആളായിരുന്നു. അദ്ദേഹം എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലേഖനങ്ങളെ പ്രശംസിക്കുമായിരുന്നു. മസീഹ് മൗഊദ്(അ) വാദം പുറപ്പെടുവിച്ചുടനെതന്നെ അയാൾ വിളംബരം ചെയ്തു: 'ഞാൻതന്നെയാണ് ആ വ്യക്തിയെ വളർത്തിയത്. ഇനി ഞാൻ തന്നെ അവനെ നിശിപ്പിക്കുന്നതായിരിക്കും.' പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബന്ധുക്കൾ വിളംബരം ചെയ്തു എന്നല്ല പത്രങ്ങളിൽ 'മിർസാ സാഹിബ് കച്ചവടം തുടങ്ങിയിരിക്കുകയാണെന്നും ഇതിലേക്ക് ആരും ശ്രദ്ധകൊടുക്കരുതെന്നുമുള്ള' വിളംബരം പ്രസിദ്ധീകരിപ്പിക്കുകയും ചെയ്തു. ഇങ്ങനെ മുഴുലോകത്തേയും തെറ്റു ധരിപ്പിക്കാൻ അയാൾ ശ്രമിച്ചു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഇത് എനിക്ക് ബോധം വച്ച കാലത്തുള്ള കാര്യമാണ്. കൃഷിപരമായ സംവിധാനത്തിൽ 'കമീൻ' എന്ന് പറയാറുണ്ടായിരുന്ന തൊഴിലാളികളായ ഒരുപാടാളുകൾ അവിടത്തെ വീട്ടിലെ ജോലികൾ നിഷേധിച്ചു. അതായത് അവിടത്തെ വീടുമായി ബന്ധപ്പെട്ട് തൊഴിലെടുത്ത് ജീവിക്കുന്നവർ വീടുകളിൽ കൃഷിപ്പണികളുടെ ചുറ്റുപാടായിരുന്നിട്ടും പ്രദേശത്തെ കൃഷിക്കാർ ആയിരുന്നിട്ടും അവിടത്തെ വീട്ടിൽവന്ന് പണിയെടുക്കുന്നത് നിഷേധിച്ചു. 'അതിന്റെ ചാലകശക്തി യഥാർഥത്തിൽ ഞങ്ങളുടെ ബന്ധുക്കളയിരുന്നു. ബന്ധുക്കളും അന്യരും ചേർന്നുകൊണ്ട് അദ്ദേഹത്തെ ഉന്മൂലനം ചെയ്യാനും നശിപ്പിക്കാനും ആഗ്രഹിച്ചു. എന്നാൽ, അല്ലാഹു തന്റെ ദാസനോടു പറഞ്ഞു: 'ലോകത്ത് ഒരു നബി വന്നു. പക്ഷേ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത പ്രകടിപ്പിക്കുകയും ചെയ്യുന്നതാണ്.'

ആഴ്ചയിൽ ഒരിക്കൽ മാത്രം പോസ്റ്റു വരികയും ഒരു പ്രൈമറിസ്കൂളുപോലുമില്ലാത്തതും ഒരു രൂപയുടെ ആട്ട പോലും ആളുകൾക്ക് ലഭിക്കാത്തതുമായ ഖാദിയാൻപോലുള്ള നാട്ടിൽ നിരാലംബനും നിസ്സഹാനുമായ ഒരു മനുഷ്യൻ എഴുന്നേറ്റു നില്ക്കുന്നു. ആ മനുഷ്യനാണെങ്കിൽ മൗലവിയോ വലിയ സ്വത്തിന്റെ ഉടമയോ അല്ലതാനും. ഹദ്റത്ത് മസീഹ് മൗഊദ്(അ) മാന്യമായ കുടുബത്തിൽപ്പെട്ട ആളായിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, രാജാക്കന്മാരേയും നവാബുമാരേയുംപോലെ വൻ സ്വത്തുക്കളുടെ ഉടമയായിരുന്നില്ല)എഴുന്നേറ്റുനിന്ന് ലോകത്തിനുമുമ്പിൽ വിളംബരം ചെയ്യുകയാണ്: 'ഒരാൾ' ആദ്യദിവസംതന്നെ പറയുന്നു: 'അല്ലാഹു എന്റെ പേരു ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം ലോകത്തിന്റെ അറ്റങ്ങളോളം എത്തിയിട്ടില്ലെന്ന് ഇന്നാർക്കെങ്കിലും പറയാൻ കഴിയുമോ?' *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 1, പേജ് 324-325)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം എത്താത്തതായ ഒരു കോണും ലോകത്തിലില്ലെന്ന് ഇന്ന് നമ്മൾ കാണുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പെരുങ്കള്ളന്റെ നാശത്തിന് അവന്റെ കളവുതന്നെ മതിയായതാണ്. എന്നാൽ, ഏതൊരു ജോലിയാണോ അല്ലാഹുവിന്റെ പ്രതാപത്തിനും അവന്റെ റസൂലിന്റെ അനുഗ്രഹങ്ങളുടെ പ്രകടനത്തിനും തെളിവിനും വേണ്ടിയുള്ളത് അത് അല്ലാഹുതന്നെ നട്ട ചെടിയുമാകുമ്പോൾ അതിന്റെ സംരക്ഷണം മലക്കുകൾതന്നെ നിർവഹിക്കുന്നു. അതിനെ ഇല്ലാതാക്കാൻ ആർക്കാണ് കഴിയുക? ഓർത്തുകൊള്ളുവിൻ! എന്റെ ജമാഅത്ത്, എതിരാളികൾ കച്ചവടമാണെന്ന് പറഞ്ഞതുപോലെ കേവലം കച്ചവടമാണെങ്കിൽ അതിന്റെ പേരും അടയാളവുംപോലും വിപാടനം ചെയ്യപ്പെടുന്നതായിരിക്കും. എന്നാൽ, അല്ലാഹുവിൽനിന്നാണെങ്കിൽ മുഴുലോകവും അതിനെതിരായാലും ഇത് വളരുകയും പടരുകുയും മലക്കുകൾ ഇതിനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.' ഇൻശാഅല്ലാഹ്! ഒരാൾപോലും എന്നോടൊപ്പമില്ലെങ്കിലും ആരും സഹായിച്ചില്ലെങ്കിലും ഈ ജമാഅത്ത് വിജയിക്കുകതന്നെ ചെയ്യുമെന്ന് ഞാൻ ദൃഢഗാഢമായി വിശ്വസിക്കുന്നു. ഇൻശാഅല്ലാഹ്! *(മൽഫൂദാത്ത് വാള്യം 8, പേജ് 148)*

നമ്മൾ ആ മഹാത്മാവിനു ചെയ്ത ബയ്അത്തിന്റെ കടമകൾ നിറവേറ്റാനും അവിടത്തെ സന്ദേശം ലോകത്തിനെത്തിച്ച് അല്ലാഹുവിന്റെ ഫള്ലുകളുടേയും ഇനാമുകളുടേയും അനന്തരാവകാശികളാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ നന്ദികെട്ടവരിലാകാതിരിക്കട്ടെ. പ്രത്യുത നന്ദിയുള്ളവരിലാകുമാറാകട്ടെ. അല്ലാഹു അതിനു നമുക്ക് തൗഫീഖു നല്കുമാറാകട്ടെ.

ഇന്ന് ഞാൻ വെബ്സൈറ്റിന്റെ വിളംബരം ചെയ്യുന്നതാണ്. ലോഞ്ചു ചെയ്യുന്നതാണ്. ഇതും ലോകത്തിന്റെ അറ്റങ്ങളോളം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിക്കാനുള്ള മാർഗമാണ്. ഇതു കുർദിഷ് ഭാഷയിലുള്ള ജമാഅത്തുപരമായ വെബ്സൈറ്റാണ്. (Islamahmadiyya.krd) ഈ വെബ്സൈറ്റിന്റെ മേൽനോട്ടം വഹിക്കുന്നത് ഡോക്ടർ ഇസ്മായീൽ മുഹമ്മദു സാഹിബാണ്. അദ്ദേഹത്തോടൊപ്പം കുർദിഷ് ജമാഅത്തിലെ അംഗങ്ങളുടെ ഒരി ടീമുമുണ്ട്. ഈ വെബ്സൈറ്റിന്റെ ഉദ്ദേശ്യം കുർദിഷ് ഭാഷ അറിയുന്ന വായനക്കാർക്ക്, ആദ്യമായി അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെക്കുറിച്ച് അറിയുന്നവർക്ക് നേരിട്ടു വായിച്ചറിയന്നതിനുവേണ്ടി അവസരമൊരുക്കുക എന്നതാണ്. ഈ വെബ്സൈറ്റ് അടിസ്ഥാനപരമായ നിലയിൽ കുർദിഷ് ഭാഷയിലെ സുറാനീഡയലക്റ്റ്(Dialect)അടങ്ങിയതാണ്. ഇതിനോടൊപ്പം ബാദീനിഡയലക്റ്റിലും കുറച്ചു കാര്യങ്ങളുണ്ട്. വെബ്സൈറ്റിൽ വാർത്തകളും ലേഖനങ്ങളും, തഫ്സീറും, ഗ്രന്ഥങ്ങളും ജുമുഅ ഖുത്ബകളും വീഡിയോ സെക്ഷനുമുണ്ട്. കുർദിഷ് തർജമ കമ്മിറ്റിയുടെ സഹായത്താൽ ഈ വെബ്സൈറ്റിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരവധി ഗ്രന്ഥങ്ങളോടൊപ്പം മറ്റുള്ള ജമാഅത്തുപരമായ ഗ്രന്ഥങ്ങളും ലഭ്യമാക്കിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുണ്ട്, ഹദ്റത്ത് ഖലീഫ ഥാനിയുടെ ഗ്രന്ഥങ്ങളുണ്ട്, ജമാഅത്തുപരമായ മറ്റു സാഹിത്യങ്ങളുണ്ട്, ഇതിൽ ഇസ്‌ലാമി ഉസ്വൂൽ കി ഫലാസഫി, മസീഹ് ഹിന്ദുസ്താൻ മെ, ഉരൂരത്തുൽഇമാം. ഹഖീഖത്തുൽമഹ്ദി, ദഅ്വത്തുൽ അമീർ, മൻസ്വബെ ഖിലാഫത്ത് തുടങ്ങിയവയും ഉൾപ്പെടുന്നു. ജുമുഅയ്ക്കു ശേഷം ഇൻശാഅല്ലാഹ് ഈ വെബ്സൈറ്റ് ലോഞ്ചു ചെയ്യുന്നതാണ്. അല്ലാഹു ബർക്കത്താക്കട്ടെ.

ഇപ്രകാരംതന്നെ ലോകത്തിന്റെ അവസ്ഥകളെ കുറിച്ചും പറയാനാഗ്രഹിക്കുകയാണ്, ദുആ തുടർന്നുകൊണ്ടേ പോകുക. അല്ലാഹു ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ. മനുഷ്യർക്ക് ബുദ്ധി നല്കുമാറാകട്ടെ. തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരാകട്ടെ.

പേജ് 1 ൽ നിന്ന്

ക്കേണ്ടിയും വരുന്നു. റമളാൻ മുഖേന അവർക്ക് ആ പട്ടിണിയിൽനിന്നു തന്റെ പ്രതിഫലംപറ്റാമെന്ന് അല്ലാഹു അവരോടു പറഞ്ഞു. അല്ലാഹുവിന്റെ പക്കൽ പട്ടിണികൾക്ക് എത്രവലിയ പ്രതിഫലമാണുള്ളതെന്നാൽ ഹദീഥിൽ വന്നിരിക്കുന്നു, **അസ്സൗമു ലീ വ അന അജ്സാ ബിഹീ** അതായത് എല്ലാ നന്മകളുടേയും ഫലങ്ങളും നേട്ടങ്ങളും വെവ്വേറെയാണ്. പക്ഷേ, നോമ്പിന്റെ പ്രതിഫലം എന്റെ സത്ത തന്നെയാണ്. അല്ലാഹുവിനെ കിട്ടിയതിനുശേഷം മനുഷ്യന് മറ്റെന്താണ് വേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ നോമ്പു മുഖേന ആ വിഷമങ്ങളിലും അവർ അക്ഷമരും അകൃതജ്ഞരും ആകാതിരിക്കുകയും പരാതിപ്പെടാതിരിക്കുകയും ചെയ്താൽ- തങ്ങളോടു നമ്സക്കരിക്കുക നോമ്പു പിടിക്കുക എന്ന് അല്ലാഹു പറഞ്ഞതല്ലാതെ എന്താണ് നല്കിയതെന്ന് ചിലപ്പോൾ അജ്ഞരായ ചിലർ ചോദിക്കാറുണ്ട്- ഇതേ പട്ടിണികൾ അവർക്ക് നന്മകളായിത്തീരുമെന്ന പോയന്റാണ് ദരിദ്രരോടു പറയപ്പെട്ടിരിക്കുന്നത്. അതിന്റെ പ്രതിഫലം അല്ലാഹുതന്നെയായിത്തീരുന്നതായിരിക്കും. അതിനാൽ അല്ലാഹു നോമ്പുകളെ ദരിദ്രർക്ക് സമാധാനത്തിന് നിമിത്തമാക്കിയിരിക്കുന്നു;അവർ നിരാശരാവാതിരിക്കാൻ. തങ്ങളുടെ ദാരിദ്ര്യവും പട്ടണിയും നിറഞ്ഞ ജീവിതംകൊണ്ട് എന്തു പ്രയോജനമെന്ന് അവർ ചോദിക്കാതിരിക്കാൻ! അല്ലാഹു നോമ്പിലൂടെ അവരോടു പറയുന്നത്, അവർ തങ്ങളുടെ ദാരിദ്ര്യവും പട്ടണിയും നിറഞ്ഞ ജീവിതം അല്ലാഹുവിന്റെ പ്രീതിയനുസരിച്ച് ജീവിച്ചാൽ അതുതന്നെ അല്ലാഹുമായി അവരെ കൂട്ടിച്ചേർക്കുന്നതായിരിക്കുമെന്നാണ്. *(തഫ്സീറെ കബീർ വാള്യം 2, പേജ് 377, ഖാദിയാൻ എഡിഷൻ 2010)*

**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin